# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.17 | No.4 | കാർത്തികപ്പള്ളി | R.No. 7361/02 | 2017 APRIL

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


നിത്യത–സ്വർഗ്ഗം ലക്ഷ്യംവച്ച് പരിശ്രമിക്കുവാൻ വിശ്വാസികളെ പ്രാദേശിക സഭകൾ പരിശീലിപ്പിക്കുന്നില്ലെങ്കിൽ ക്രിസ്ത്യാനിത്വം പരാജയവും പരിഹാസ്യവുമായിത്തീരും

## ഇന്ത്യൻ ഇല ജർമ്മനിയിലേക്ക്



ഇലകൊണ്ടുള്ള പാത്രങ്ങൾ ഇന്ത്യയിൽ പല ഭാഗങ്ങളിലും ഉപയോഗിക്കാറുണ്ട്. എന്നാൽ ഏഷ്യയിൽ നിന്നും ഇറുക്കമതി ചെയ്യുന്ന ഇലകൾ ഉപയോഗിച്ച് പാത്രങ്ങൾ നിർമ്മിച്ച് അത് വൻവിലയ്ക്ക് കയറ്റി അയയ്ക്കുവാൻ ഒരുങ്ങുകയാണ് ലീഫ് റിപ്പബ്ളിക് എന്ന ജർമ്മൻ കമ്പനി. ഇലപ്പാത്രങ്ങളുടെ ഈറ്റില്ലമായ ഇന്ത്യയിൽ ഇരുപത് പാത്രങ്ങൾ പത്തു രൂപയ്ക്കു ലഭിക്കുമ്പോൾ ജർമ്മനിയിൽ നിർമ്മിക്കുന്ന ഒരു ഇലപ്പാത്രത്തിന്റെ വില 711 രൂപയാണ്.

## വെർച്വൽ വൈഫ്



ഏകാന്തതയും വിഷാദവും ജപ്പാനിലെ ചെറുപ്പക്കാരുടെ ഇടയിൽ സർവസാധാരണമാണ്. ഇതിനറുതി വരുത്തുന്നതിനായി വെർച്വൽ വൈഫുമായി ജപ്പാൻ കമ്പനിയാണ് മുന്നോട്ടെത്തിയിരിക്കുന്നത്. ഹിക്കാരി എന്നാണ് ഇതിന് പേരിട്ടിരിക്കുന്നത്. നമ്മിലൊരാളായി സഹകരിച്ചു പ്രവർത്തിക്കുവാൻ ഹിക്കാരിക്കാവും എന്നതാണ് ഇതിന്റെ പ്രത്യേകത. വീട്ടിലെ ഒരംഗത്തിനെപ്പോലെ സംസാരിക്കുക, മെസേജ് അയയ്ക്കുക, കാലാവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ തരിക, മുറിയിലെ ലൈറ്റുകളും എയർകണ്ടീഷനുകളും ഓഫ് ചെയ്യുക തുടങ്ങി ഒട്ടേറെ ഗുണങ്ങൾ ഹിക്കാരിക്കുണ്ടെന്നാണ് കമ്പനി അവകാശപ്പെടുന്നത്.


വേദാഭിമാനി
വായിക്കുക - പ്രതികരിക്കുക
9847232598
9847990939
vedabhimani@gmail.com





# അധോലോക അത്ഭുതം

അത്ഭുത രോഗശാന്തിക്കാരിൽ പ്രമുഖരുടെ രോഗശാന്തി ശുശ്രൂഷകൾ തട്ടിപ്പാണെന്ന് പലപ്പോഴായി വേദാഭിമാനി വ്യക്തമാക്കിയിട്ടുള്ളതാണ്. യോഗസ്ഥലത്ത് ആളുകളെ എത്തിക്കുവാനും, രോഗസൗഖ്യം കിട്ടിയതായി സാക്ഷ്യം പറയുവാനും, ഭൂതം കേറിയതായി അഭിനയിക്കുവാനും ആത്മനിറവ് എന്ന പേരിൽ ഒച്ചവയ്ക്കുവാനും, ഉരുണ്ടു വീഴുവാനും, ആളുകളെ നൽകുന്ന.... എന്തിന് അത്ഭുത ദാസന്മാരുടെ സംരക്ഷണത്തിനായി ഗുണ്ടകളെ വരെ നല്കുന്ന ഏജൻസികൾ ആത്മീയ ലോകത്ത് സജീവമാണെന്നുള്ളതിനുള്ള തെളിവുകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. അത്ഭുത കേന്ദ്രങ്ങൾക്കായി തിരുവനന്തപുരത്തും തമിഴ്നാട്ടിലും നടത്തുന്ന പരിശീലന കേന്ദ്രങ്ങളുടെ വീഡിയോകൾ ഒരു പ്രമുഖ ഓൺലൈൻ മാധ്യമമാണ് വേദാഭിമാനിക്ക് കൈമാറിയത്.

അനുഗ്രഹ അത്ഭുത രോഗശാന്തി തട്ടിപ്പുകൾ വൻ വ്യവസായമായി വളർന്നിരിക്കുന്നു. ഇതിനെതിരെ സാമൂഹിക ഇടപെടലുകൾ ശക്തമാകുന്നുണ്ടെങ്കിലും രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും കപ്പം നൽകിയാണ് ഈ ബിസിനസ് തഴച്ചുവളരുന്നത്. രോഗശാന്തി ശുശ്രൂഷകൾ നടക്കുന്ന സ്ഥലങ്ങളിൽ ക്രിമിനലുകളായ ഗുണ്ടകളുടെ സാന്നിധ്യം സജീവമാണെന്ന് ക്രിസ്ത്യൻ ഐക്യവേദി, ജനശക്തി തുടങ്ങിയ സംഘടനകളുടെ പരാതിയിൽ എടുത്തുപറയുന്നുണ്ട്. വേദാഭിമാനിതന്നെ രണ്ടു പ്രാവശ്യം അത്ഭുതദാസന്മാരുടെ ഗുണ്ടാ ആക്രമണത്തിന് ഇരയായിട്ടുണ്ട്.




വലിയ പരസ്യങ്ങൾ നൽകി നടത്തപ്പെടുന്ന അനുഗ്രഹ-രോഗശാന്തി ശുശ്രൂഷകൾ തട്ടിപ്പാണെന്ന് കണ്ടെത്തുവാൻ ആധുനിക ടെക്നോളജി ഒന്നും ആവശ്യമില്ല. സാമാന്യബുദ്ധി മാത്രം മതി. മാസ്ഹിപ്നോട്ടിസം മുതൽ ബ്ലാക്ക് മാജിക്ക് വരെ പരിശീലിച്ചവർ രംഗത്തുണ്ട്. തമിഴ്നാട്ടിലെ ചാത്തൻ സ്വാമിയുടെയും മലപ്പുറത്തെ നാലാം വേദമുസ്ലിയാരുടെയും ശിഷ്യന്മാരും ഇവിടെ വിലസുന്നുണ്ട്. ഇതിന്റെയൊക്കെ പിന്നാമ്പുറ രഹസ്യങ്ങൾ അറിയാത്തതുകൊണ്ടാണ് സ്വദേശത്തും വിദേശത്തും വിവരവും വിദ്യാഭ്യാസവുമുള്ളവർ പോലും ചൂഷണം ചെയ്യപ്പെടുന്നത്.

ദാരിദ്ര്യം മൂലവും രോഗപീഢകൾമൂലവും കഷ്ടപ്പെടുന്ന സമൂഹത്തിൽ താഴെക്കിടയിലുള്ള സാധുക്കളാണ് തട്ടിപ്പിനിരയാകുന്നതിൽ ഭൂരിപക്ഷവും. കാതടപ്പിക്കുന്ന വാദ്യമേളങ്ങളുടെ അകമ്പടിയോടെ അലറിവിളിച്ചും കുതിച്ചുചാടിയും നടത്തുന്ന ഈ തട്ടിപ്പുകൾ അവസാനിപ്പിക്കുകതന്നെ വേണം. ഈ തട്ടിപ്പുകാർമൂലം ക്രിസ്ത്യാനിത്വം അപമാനിക്കപ്പെടുകയാണ്. ക്രിസ്ത്യാനിത്വം ഒരു പരിഹാസവിഷയമായായാണ് ഇന്ന് ജനങ്ങൾ കാണുന്നത്. ക്രിസ്തു മാർഗ്ഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിസ്മരിക്കപ്പെട്ടതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

യേശുവിന്റെ അവതാരോദ്ദേശം എന്താണോ അത് ഭൂമിയിൽ നിറവേറ്റപ്പെടണം. മനുഷ്യരെ പണക്കാരാക്കാനോ, രോഗികളെയെല്ലാം സൗഖ്യമാക്കാനോ അല്ല യേശു ഭൂമിയിൽ അവതരിച്ചത്. യേശുവിലൂടെയുള്ള രക്ഷ മറയ്ക്കപ്പെടാനോ, വിസ്മരിക്കപ്പെടാനോ പാടില്ല. യേശുവും ദൈവവചനവും വില്പന ചരക്കല്ല.







സത്യസന്ധമായി ഇവിടെ സുവിശേഷം പ്രസംഗിക്കപ്പെടണം. അതുകേട്ട് ജനം മാനസാന്തരപ്പെടണം. അതുവഴി യേശുവിലൂടെയുള്ള രക്ഷയും, സമാധാനവും, സന്തോഷവും, വിടുതലും, സ്വർഗ്ഗീയ അനുഗ്രഹവും ജനം അനുഭവിച്ചറിയട്ടെ.

## ഭക്ഷണം വേണ്ടാത്ത മനുഷ്യൻ!

ഗുജറാത്തിലെ അംബാജിക്കടുത്തായി ഒരു ഗുഹയിൽ ഒരാൾ സന്യാസജീവിതം നയിക്കുന്നുണ്ട്. പേര് പ്രഹ്ലാദ് ജാനി. അദ്ദേഹത്തെപ്പറ്റി അറിയുമ്പോൾ അതിശയിപ്പിക്കുന്നൊരു കാര്യം മനസ്സിലാകും. അറുപത്തഞ്ച് വർഷത്തോളമായി അദ്ദേഹം ആഹാരം കഴിക്കുകയോ ജലപാനം നടത്തുകയോ ചെയ്തിട്ട്!

നാല്പത്തഞ്ച് വർഷം താൻ ആരോടും മിണ്ടാതെ മൗനവ്രതം അനുഷ്ഠിച്ചതായി അദ്ദേഹം പറയുന്നു. തന്റെ അണ്ണാക്കിൽ ഒരു ദ്വാരമുണ്ട്. അതിലൂടെ ഊറി വരുന്ന മധുരസ്രവം ആണ് തന്റെ ആരോഗ്യം നിലനിർത്തുന്നതെന്നും അദ്ദേഹം വെളിപ്പെടുത്തുന്നു. ഒരു കൂട്ടം ഡോക്ടർമാർ അദ്ദേഹത്തെ മെഡിക്കൽ ചെക്കപ്പിന് വിധേയനാക്കി. പ്രഹ്ലാദ് ജാനിയെ പുറത്തുനിന്ന് വീക്ഷിക്കാവുന്നതരം ഒരു ഗ്ലാസ് റൂമിലാക്കി. അതിനകത്ത് സി.സി.ടി.വി. ക്യാമറകളും വച്ചു. ഇരുപത്തിനാലു മണിക്കൂറുമുള്ള നിരീക്ഷണം! അങ്ങനെ പത്തുദിവസങ്ങൾ! അതിനുശേഷം പുറത്തെത്തിയ ജാനിയെ ആ ഡോക്ടർമാർ വിവിധ പരിശോധനകൾ നടത്തി. വൈദ്യശാസ്ത്രത്തെ അമ്പരിപ്പിച്ചുകൊണ്ട് അദ്ദേഹം പൂർണ ആരോഗ്യവാനായിരുന്നു!



## ന്യൂജനറേഷൻ കമ്പ്യൂട്ടർ




അടുത്ത ജനറേഷൻ കമ്പ്യൂട്ടറുകളുമായി ഇന്റൽ. ഡെബിറ്റ് കാർഡിന്റെയത്ര വലിപ്പമുള്ള കമ്പ്യൂട്ട് കാർഡാണ് ഇന്റൽ അവതരിപ്പിച്ചത്. പഴ്സണൽ കമ്പ്യൂട്ടറുകളുടെ പ്രവർത്തനരീതിയിൽ വിപ്ലവകരമായ മാറ്റമാണ് ഇന്റൽ കൊണ്ടുവരുന്നത്. ഈ വർഷം മധ്യത്തോടെ കമ്പ്യൂട്ട് കാർഡ് വിപണിയിലെത്തും.

കമ്പ്യൂട്ട് കാർഡുകളുടെ പ്രവർത്തനത്തിനു സഹായിക്കാൻ പ്രത്യേക യന്ത്രങ്ങളും വിപണിയിലെത്തും. എ.ടി.എം. കൗണ്ടറുകളിൽ കാർഡ് ഇടുന്നയത്ര ലളിതമാണു കമ്പ്യൂട്ട് കാർഡിന്റെ പ്രവർത്തനമെന്നാണ് അവകാശവാദം.


വേദാഭിമാനി ഗോസ്പൽ ടീം
വയസ് 27
...ദൈവവചനത്തിൽ അടിയുറച്ച്
...സുവിശേഷീകരണത്തിൽ ശ്രദ്ധവച്ച്
നേരോടെ – നിർഭയം – നിരന്തരം
27–ാം വർഷത്തിലേക്ക്
പ്രാർത്ഥിക്കുക...
സഹകരിക്കുക...
ടി. എം. വർഗ്ഗീസ് tmvarghese@gmail.com
ഏബ്രഹാം മത്തായി abraham1157@yahoo.com
ടൈറ്റസ് കാർത്തികപ്പള്ളി vedabimani@gmail.com

സുവിശേഷീകരണത്തിനും ആധികാരിക വേദപുസ്തക പഠനത്തിനും
ടൈറ്റസ് കാർത്തികപ്പള്ളി കേരള – 690516
9847232598
9847990939



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ – പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.150 മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |

# പ്രാർത്ഥനയും പിന്മാറ്റവും



ക്രിസ്തുവർഷം 174 ലെ വേനൽക്കാലം. വടക്കൻ യൂറോപ്പിലുള്ള ബൊഹേമിയ മലനിരകളിൽ റോമൻ സൈന്യം തമ്പടിച്ചിരിക്കുകയാണ്. റോമൻ ചക്രവർത്തിയായ മാർക്കസ് ഔറേലിയസ് (121–180) സൈന്യത്തിന്റെ കൂടെയുണ്ട്. റോമൻ സാമ്രാജ്യത്തിന്റെ വികാസത്തിനു തടസം നിൽക്കുന്ന ശത്രുക്കളെ വകവരുത്തുകയാണ് ലക്ഷ്യം.

ചക്രവർത്തി യുദ്ധരംഗം വിലയിരുത്തി. അത്ര അകലെയല്ലാതെ ശത്രുസൈന്യം നിലയുറപ്പിച്ചിട്ടുണ്ട്. പക്ഷേ, അവർ ആക്രമിക്കാൻ തയാറാകുന്നില്ല. അവർ നിലയുറപ്പിച്ചിരിക്കുന്നതു സുരക്ഷിതസ്ഥാനത്താണ്. വേനൽക്കാലമാണെങ്കിലും അവർ നിലയുറപ്പിച്ചിരിക്കുന്നിടത്തു ജലദൗർലഭ്യമില്ല.

എന്നാൽ, റോമൻ സൈന്യത്തിന്റെ സ്ഥിതി അതല്ല. അവർ താവളമടിച്ചിരിക്കുന്ന പ്രദേശത്തെ ജലസ്രോതസുകൾ കടുത്ത വേനൽച്ചൂടിൽ വറ്റിവരണ്ടു. പടയാളികളും പടക്കുതിരകളുമൊക്കെ വെള്ളമില്ലാതെ വലഞ്ഞു. ഇക്കാര്യം അറിയാമായിരുന്ന ശത്രുസൈന്യം റോമൻ സൈന്യത്തെ ആക്രമിക്കാൻ തയാറായില്ല. അവർ കുറേക്കൂടി തളരുമ്പോൾ ആക്രമിക്കാം എന്നായിരുന്നു ശത്രുസൈന്യത്തിന്റെ നിലപാട്.

പരാജയം മുന്നിൽക്കണ്ട ചക്രവർത്തി തന്റെ സൈന്യാധിപന്മാരുടെ ആലോചന ചോദിച്ചു. അപ്പോൾ അവരിലൊരാൾ ചക്രവർത്തിയുടെ പന്ത്രണ്ടാം സൈന്യവ്യൂഹത്തിന്റെ സഹായം തേടാൻ ഉപദേശിച്ചു. എന്തുതരം സഹായമാണ് അവർക്കു നൽകാൻ സാധിക്കുന്നത്? ചക്രവർത്തി ചോദിച്ചു. അപ്പോൾ ചക്രവർത്തിയെ ഉപദേശിച്ച സൈന്യാധിപൻ മറുപടി നൽകി: പ്രാർത്ഥനാ സഹായം.

റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന കപ്പദോച്യയിൽനിന്നുള്ള ക്രൈസ്തവരായിരുന്നു പന്ത്രണ്ടാം ലീജിയനിൽ ഉണ്ടായിരുന്നത്. അവരുടെ പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് സൈന്യാധിപനു നല്ല അറിവുണ്ടായിരുന്നതുമൂലമാണ് അവരുടെ പ്രാർത്ഥനാ സഹായം തേടാൻ സൈന്യാധിപൻ ചക്രവർത്തിയെ ഉപദേശിച്ചത്.

ചക്രവർത്തിക്ക് അത്ര സ്വീകാര്യമായിരുന്നില്ല ക്രൈസ്തവ പടയാളികളുടെ പ്രാർത്ഥനാ സഹായം സ്വീകരിക്കുക എന്നത്. എങ്കിലും യുദ്ധപരാജയം ഒഴിവാക്കാൻ വേണ്ടി അദ്ദേഹം അവരുടെ സഹായം തേടി. ഉടനെ അത്ഭുതകരമായ ഫലമാണ് ഉണ്ടായത്. ക്രൈസ്തവ പടയാളികളുടെ പ്രാർത്ഥനയുടെ ഫലം എന്നവണ്ണം റോമൻസൈന്യം നിലയുറപ്പിച്ചിരുന്ന സ്ഥലത്തു നല്ല മഴ ലഭിച്ചു. എന്നാൽ, ശത്രുസൈന്യം നിലയുറപ്പിച്ചിരുന്നിടത്തു മഴയ്ക്കു പകരം കൊടുങ്കാറ്റും ഇടിമിന്നലും ആലിപ്പഴവർഷവുമാണ് ഉണ്ടായത്.

വലിയ വലിപ്പത്തിലുള്ള ആലിപ്പഴത്തിന്റെ വീഴ്ച ശത്രുസൈന്യത്തിനു വലിയ നാശനഷ്ടമുണ്ടാക്കി. ആലിപ്പഴവർഷവും ഇടിമിന്നലും മൂലം പേടിച്ചരണ്ടുപോയ പടക്കുതിരകൾ നിയന്ത്രണം വിട്ട് ചിതറിയോടി. മഴവെള്ളം ലഭിച്ചു നവോന്മേഷം പ്രാപിച്ച റോമൻ സൈന്യം ശത്രുസൈന്യത്തെ ആക്രമിച്ച് അന്ന് വൻ വിജയം നേടി.

മഴയ്ക്കുവേണ്ടി പ്രാർത്ഥിച്ച് അത്ഭുതകരമായ ഫലം ലഭിച്ചതിനെത്തുടർന്ന് പന്ത്രണ്ടാം സൈന്യവ്യൂഹം ദി തണ്ടറിംഗ് ലീജിയൻ എന്നാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. രണ്ടാം നൂറ്റാണ്ടിൽ ഔറേലിയസ് ചക്രവർത്തിയുടെ സമകാലികനായി ജീവിച്ചിരുന്ന ബിഷപ്പ് ക്ലോഡിയസ് അപ്പോളിനാരിസ് ഉൾപ്പെടെ പല പ്രമുഖ വ്യക്തികൾ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രാർത്ഥനയ്ക്കു ഫലമുണ്ടെന്നു നമുക്കറിയാം. നാം എപ്പോഴൊക്കെ നമ്മുടെ മനസ്സും ഹൃദയവും ദൈവത്തിലേക്കുയർത്തി പ്രാർത്ഥിക്കുന്നുവോ അപ്പോഴൊക്കെ അവിടുത്തെ അനുഗ്രഹം നമ്മിലേക്കു പ്രവഹിക്കുന്നുണ്ടെന്നതാണു യാഥാർഥ്യം. എന്നാൽ, നാം പ്രാർത്ഥിക്കുന്ന കാര്യം അതുപോലെ എപ്പോഴും നമുക്കു ലഭിക്കാതെ വരുന്നതുകൊണ്ടു നമ്മുടെ പ്രാർത്ഥന പരാജയമാണെന്നു നാം പലപ്പോഴും പരിതപിക്കുന്നു. അതുപോലെ നമുക്കു ദൈവം നൽകുന്ന പല അനുഗ്രഹങ്ങളും നമ്മുടെ ശ്രദ്ധയിൽപ്പെടാതെയും പോകുന്നു.

നാം പ്രാർത്ഥനയിലൂടെ ചോദിക്കുന്ന കാര്യങ്ങൾ അതുപോലെ എപ്പോഴും നമുക്കു ലഭിക്കാറില്ല എന്നതു ശരിതന്നെ. എന്നാൽ, നാം പ്രാർത്ഥിക്കുന്നതിന്റെ ഫലമായി ദൈവത്തിന്റെ അനുഗ്രഹം എപ്പോഴും നമുക്കു ലഭിക്കുന്നുണ്ട്. അങ്ങനെ അവിടത്തെ അനുഗ്രഹം നമുക്കു ലഭിക്കുന്നതുകൊണ്ടാണ് നമ്മുടെ ജീവിതത്തിലെ ഭാരങ്ങൾ വഹിക്കാൻ നമുക്കു ശക്തിലഭിക്കുന്നത്. അല്ലായിരുന്നുവെങ്കിൽ ജീവിതഭാരംമൂലം നാം എത്രയോ പണ്ടേ തകർന്നുപോകുമായിരുന്നു.

ഇനി മുകളിൽ കൊടുത്തിരിക്കുന്ന സംഭവത്തിലേക്കു മടങ്ങിവരട്ടെ. ക്രൈസ്തവ പടയാളികളുടെ പ്രാർത്ഥനയുടെ ഫലമായി അത്ഭുതം സംഭവിക്കുന്നതു ഔറേലിയൂസ് ചക്രവർത്തി നേരിൽ കണ്ടതാണ്. എങ്കിലും അദ്ദേഹത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചോ? മഴ ലഭിച്ചതിനെത്തുടർന്ന് യുദ്ധം ജയിച്ചതുമൂലം കുറേക്കാലത്തേക്ക് അദ്ദേഹം മതപീഡനത്തിൽനിന്നു പിന്മാറിയിരുന്നു. എന്നാൽ വീണ്ടും അദ്ദേഹം മതപീഡനത്തിൽ ഏർപ്പെട്ടു. എന്നാൽ പിന്മാറ്റത്തിന്റെ ഫലമായുള്ള ചക്രവർത്തിയുടെ പതനം ഭയാനകമായിരുന്നുവെന്ന് ചരിത്രത്തിൽ നാം വായിക്കുന്നു.

പ്രാർത്ഥനവഴി ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ കണ്ടിട്ടും ചക്രവർത്തിയിൽ വലിയ മാറ്റം വന്നില്ല എന്നതാണു വസ്തുത. എന്നാൽ, ഇതേക്കുറിച്ചു നാം ആശ്ചര്യപ്പെട്ടിട്ടു കാര്യമില്ല. പ്രാർത്ഥനയുടെ ഫലത്തെക്കുറിച്ച് ബോധ്യമില്ലാഞ്ഞിട്ടല്ലല്ലോ പലരും ദൈവത്തെ മറന്നു സ്വന്തം വഴികളിലൂടെ പോകുന്നത്. ദൈവത്തെ ഓർമിച്ചു ജീവിച്ചാൽ സ്വന്ത ഇഷ്ടം പോലെ ജീവിക്കാൻ സാധിക്കില്ല എന്നവർക്കറിയാം. അതുമൂലം അവർ ദൈവത്തെ സൗകര്യപൂർവം വിസ്മരിക്കുന്നു, നാശത്തിൽച്ചെന്നവസാനിക്കുന്നു. അതുകൊണ്ട് ദൈവത്തെ വിസ്മരിക്കാതെ പ്രാർത്ഥനയിലൂടെ അവിടുന്നുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ട് നമുക്കു ജീവിക്കാം. അപ്പോൾ നാം ചോദിക്കുന്നതിലധികമായി സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുകതന്നെ ചെയ്യും.

# കള്ളപ്രവാചകരും ദുരുപദേശകരും

ദൈവത്തിന്റെ വൃതന്മാരെപ്പോലും തെറ്റിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് കള്ള ക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേല്ക്കും എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് (മത്താ.23:24–27; 2 പത്രോ.3:3; യൂദാ. വാ. 17, 18). ദുരുപദേശത്തിൽ നിന്നും ദുരുപദേഷ്ടാക്കളിൽ നിന്നും നമ്മെ കാക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം സത്യം അറിഞ്ഞിരിക്കുക എന്നതാണ്. തെറ്റിനെ കണ്ടറിയുവാൻ ഏറ്റവും നല്ല മാർഗ്ഗം ശരിയായുള്ളത് വ്യക്തമായി പഠിച്ചറിയുക എന്നതാണ്. സത്യവചനത്തെ വ്യക്തമായി പഠിച്ച് അതിനെ ശരിയായി കൈകാര്യം ചെയ്യുവാൻ (2 തിമോ. 2:15) അറിയുന്ന ഒരു വ്യക്തിക്ക് ദുരുപദേശത്തെ പെട്ടെന്ന് തിരിച്ചറിയുവാൻ കഴിയും. ഉദാഹരണമായി, മത്താ. 3:16, 17 വാക്യങ്ങളിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ വ്യക്തികളെപ്പറ്റി പറഞ്ഞിരിക്കുന്ന കാര്യം വ്യക്തമായി അറിയാവുന്ന ഒരാൾക്ക് ത്രിത്വം ശരിയല്ല എന്ന് ആരെങ്കിലും പറഞ്ഞാൽ അത് സമ്മതിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് തിരുവചനത്തെ വ്യക്തമായി പഠിച്ച് അത് നല്ലവണ്ണം കൈകാര്യം ചെയ്യുവാൻ അറിഞ്ഞിരിക്കുക എന്നതാണ് ദുരുപദേശത്തെ മനസ്സിലാക്കണമെങ്കിൽ ആദ്യമായി ചെയ്യേണ്ടത്.



യേശുകർത്താവു പറഞ്ഞു, "ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നത്" എന്ന് (മത്താ. 12:33). നാം "ഫലം" തെരയുമ്പോൾ മൂന്നു കാര്യങ്ങൾ പ്രധാനമായി ശ്രദ്ധിച്ചാൽ ഒരു വ്യക്തി ദുരുപദേശകനോ കള്ളപ്രവാചകനോ ആകുന്നുവോ എന്ന് കണ്ടുപിടിക്കാം.

***1) ഈ ഉപദേഷ്ടാവ് ക്രിസ്തുവിനെപ്പറ്റി എന്തു പഠിപ്പിക്കുന്നു?*** മത്തായി 16:15–16 ൽ കർത്താവ് ചോദിക്കുന്നു: "ഞാൻ ആരെന്ന് നിങ്ങൾ പറയുന്നു?" അതിനു മറുപടിയായി പത്രോസ് പറയുന്നത് ശ്രദ്ധിക്കുക: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു." "നീ ഭാഗ്യവാൻ" എന്ന് കർത്താവ് പത്രോസിനോടു പറയുന്നു. 2 യോഹ. വാക്യം 9–ൽ ഇങ്ങനെ വായിക്കുന്നു: "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല. ഉപദേശത്തിൽ നിലനിൽക്കുന്നവനോ, പിതാവും പുത്രനും ഉണ്ട്." വേറൊരു രീതിയിൽ പറഞ്ഞാൽ, ക്രിസ്തുവും അവന്റെ രക്ഷണ്യവേലയും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ആരെങ്കിലും ക്രിസ്തുവിനെ തരംതാഴ്ത്തി ദൈവത്തിനു കൊടുക്കേണ്ട സ്ഥാനം കൊടുത്തില്ലെങ്കിൽ, ആരെങ്കിലും ക്രിസ്തു പൂർണ്ണമനുഷ്യൻ–ദൈവം ആയിരുന്നില്ല എന്നു പറയുന്നെങ്കിൽ, ആരെങ്കിലും ക്രിസ്തുവിന്റെ മരണം പാപക്ഷമയ്ക്ക് പര്യാപ്തമല്ല എന്നു പറയുന്നെങ്കിൽ, അങ്ങനെയുള്ളവർ വേദവിരുദ്ധം ഉപദേശിക്കുന്നവരാണ്. "യേശുവിനെ ക്രിസ്തുവല്ല എന്ന് നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആരാകുന്നു? പിതാവിനെയും പുത്രനേയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു ആകുന്നു" (1 യോഹ. 2:22).

***2) ഈ ഉപദേഷ്ടാവ് വാസ്തവത്തിൽ സുവിശേഷം പ്രസംഗിക്കുന്നവനാണോ?*** "ക്രിസ്തു നമ്മുടെ പാപങ്ങൾക്കായി തിരുവെഴുത്തുകളിൽ പ്രകാരം മരിച്ച്, അടക്കപ്പെട്ട്, തിരുവെഴുത്തുകളിൻ പ്രകാരം ഉയിർത്തെഴുന്നേറ്റ്.... പ്രത്യക്ഷനായി" (1 കൊരി. 15:3–4) രക്ഷാവഴി ചൂണ്ടിക്കാണിക്കുക എന്നതാണ് സുവിശേഷത്തിന്റെ കാതലായ വിഷയം. അതിനെതിരായി "ദൈവം നമ്മെ സ്നേഹിക്കുന്നു", "വരിക. അത്ഭുതം, അനുഗ്രഹം പ്രാപിക്കാം, ശാപമുക്തിനേടി ഐശ്വര്യവാന്മാരായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു" എന്നൊക്കെ പ്രസംഗിക്കുന്നവരുടെ പ്രസംഗങ്ങൾ കേൾക്കുവാൻ ഇമ്പമുള്ളതായിരുന്നാലും അതൊന്നും സുവിശേഷമല്ല. ഗലാ. 1:7 ലെ പൗലൊസിന്റെ ഭയനിർദേശം ശ്രദ്ധിക്കുക: "അത് വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ." ദൈവത്തിന്റെ സുവിശേഷത്തെ മാറ്റിമറിക്കുവാൻ എത്ര വലിയ പ്രസംഗകനും അധികാരമില്ല. "എന്നാൽ, ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി, ഞങ്ങൾ ആകട്ടെ, സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ ആകട്ടെ നിങ്ങളോട് വേറൊരു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാ. 1:8) എന്ന് വേദപുസ്തകം പറയുന്നു.

***3) ഈ ഉപദേഷ്ടാവ് തന്റെ സ്വഭാവത്തിൽ ക്രിസ്തുവിനെ പ്രദർശിപ്പിക്കുന്നവനാണോ?*** ദുരുപദേഷ്ടാക്കന്മാരെപ്പറ്റി പറയുമ്പോൾ യൂദാ ഇങ്ങനെ പറയുന്നു: "അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കയും, കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏൽപിക്കുകയും, കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകയും ചെയ്യുന്നു" (വാക്യം 11). വേറൊരു രീതിയിൽ പറഞ്ഞാൽ ദുരുപദേഷ്ടാക്കന്മാർ അഹങ്കാരത്താൽ കയീനെപ്പോലെ ദൈവത്തിന്റെ ആലോചനയെ മറുതലിക്കുന്നവരും, ബിലെയാമിനെപ്പോലെ അത്യാഗ്രഹികളായി ദൈവവേലയെ ധനസമ്പാദ്യ മാർഗ്ഗമാക്കുന്നവരും, കോരഹിനെപ്പോലെ ദൈവവ്യവസ്ഥിതിയെ മാറ്റിമറിക്കുവാൻ ആഗ്രഹിക്കുന്നവരും ആയിരിക്കും. ഇങ്ങനെയുള്ളവരെപ്പറ്റി നാം ജാഗ്രതയുള്ളവരായിരുന്ന് അവരുടെ ഫലങ്ങളാൽ അവരെ തിരിച്ചറിയണം എന്ന് നമ്മുടെ കർത്താവു പറഞ്ഞു (മത്താ. 7:15–20).

ഗലാത്യലേഖനം, 2 പത്രോസ്, യോഹന്നാന്റെ 1, 2 ലേഖനങ്ങൾ, യൂദായുടെ ലേഖനം എന്നിവ ദുരുപദേശങ്ങൾക്ക് എതിരായി എഴുതിയിട്ടുള്ളവയാണ്. ഈ ലേഖനങ്ങൾ വ്യക്തമായി പഠിച്ചിരിക്കണം. ദുരുപദേശക്കാരെ കണ്ടുപിടിക്കുക ചിലപ്പോൾ അത്ര എളുപ്പമുള്ള കാര്യമല്ല. പിശാച് വെളിച്ചദൂതനേപ്പോലെയും അവന്റെ ശിഷ്യന്മാർ നീതിപ്രസംഗികളെപ്പോലെയും വെളിപ്പെടാറുണ്ടല്ലോ എന്ന് നാം വായിക്കുന്നു (2 കൊരി. 11:14, 15). സത്യവചനത്തെ വ്യക്തമായി മനസ്സിലാക്കിയെങ്കിലേ ദുരുപദേശത്തെയും കള്ളപ്രവാചകന്മാരെയും ഏതൊക്കെ, ആരൊക്കെയെന്നത് കണ്ട് അറിയുവാൻ സാധിക്കുകയുള്ളൂ.




## മകളുടെ ദുഃഖം, അച്ചന്റെ തേങ്ങൽ



"പ്രിയപ്പെട്ട മമ്മീ,

എനിക്ക് മമ്മിയെ വല്ലാതെ മിസ് ചെയ്യുന്നു. ഇന്ന് സ്കൂളിൽ ഒരു ടാലന്റ് ഷോ ഉണ്ടായിരുന്നു. എല്ലാ കുട്ടികളുടെയും അമ്മമാരെ ഈ പ്രോഗ്രാമിലേക്ക് പ്രത്യേകം ക്ഷണിച്ചിരുന്നു. പക്ഷേ മമ്മി ഇവിടില്ലല്ലോ. അതുകൊണ്ട് എനിക്കു പോകാനേ തോന്നിയില്ല... ഞാൻ ഇതേപ്പറ്റി ഡാഡിയോട് ഒന്നും പറഞ്ഞിട്ടില്ല. എന്തെന്നോ? ഡാഡി കരഞ്ഞുപോകുമോ എന്നെനിക്ക് പേടിയുണ്ട്. മമ്മിയെ വല്ലാതെ മിസ് ചെയ്യുന്നതായി ഡാഡിക്കും തോന്നില്ലേ. ഡാഡി എല്ലായിടത്തും എന്നെ തിരഞ്ഞു. ഞാൻ ഒരു കടയിലിരുന്ന് കംപ്യൂട്ടറിൽ ഗെയിം കളിക്കാൻ തുടങ്ങുകയായിരുന്നു. ഡാഡി ദേഷ്യപ്പെട്ടാണ് വന്നത്. മറ്റെന്തു ചെയ്യാനാവും ഡാഡിക്ക്? ഡാഡി എന്നെ ഒരുപാടു വഴക്കുപറഞ്ഞു, അടിച്ചു. പക്ഷേ ഞാൻ ശരിക്കും കാരണം പറഞ്ഞില്ല. മമ്മീ, എല്ലാ ദിവസവും ഡാഡി മമ്മിയെ ഒത്തിരി മിസ് ചെയ്യുന്നതു ഞാൻ കാണുന്നുണ്ട്. എപ്പോഴെങ്കിലും മമ്മിയുടെ കാര്യം പറഞ്ഞാൽ ഡാഡി വല്ലാതെ സങ്കടപ്പെട്ട് മുറിക്കുള്ളിൽ പോയി ഒളിച്ച് കരയാറുണ്ട്. എനിക്കു തോന്നുന്നത് ഞങ്ങൾക്കു രണ്ടാൾക്കും മമ്മിയെ വല്ലാതെ നഷ്ടമാകുന്നു എന്നാണ്.

പക്ഷേ മമ്മീ, ഞാനിപ്പോൾ മമ്മിയുടെ മുഖം മറന്നുപോകാൻ തുടങ്ങിയിരിക്കുന്നു. ഒരുപാട് നാളായില്ലേ ഞാൻ കണ്ടിട്ട്? എനിക്ക് മമ്മിയുടെ മുഖമൊന്ന് ഓർത്തിരിക്കാൻ വേണ്ടിയെങ്കിലും എന്റെ സ്വപ്നത്തിലൊന്ന് വരുമോ? ആരുടെയെങ്കിലും ഫോട്ടോയുമായി കിടന്നുറങ്ങിയാൽ അവരെ സ്വപ്നം കാണാനാവുമെന്ന് ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ മമ്മീ, എന്താ ഒന്നു വരാത്തെ?"

കത്തു വായിച്ച് എനിക്കു തേങ്ങലടക്കാനായില്ല. കാരണം എനിക്കൊരിക്കലും എന്റെ ഭാര്യയുടെ സ്ഥാനം, പുനഃസ്ഥാപിക്കാനാവാത്ത ആ വിടവ്, അതു നികത്താനാവില്ലല്ലോ. *(ഒരു ഇന്റർനെറ്റ് കഥ)*

## സന്ന്യാസി



**ടി**ബറ്റിൽ സഗർലാമ എന്നൊരു ബുദ്ധപുരോഹിതനുണ്ടായിരുന്നു. ഒരിക്കൽ ഹിമാലയത്തിലൂടെ യാത്ര ചെയ്യുകയായിരുന്നു അദ്ദേഹം. നടന്നു ക്ഷീണിച്ചപ്പോൾ സഗർലാമയ്ക്ക് അല്പനേരം വിശ്രമിക്കണമെന്നുതോന്നി. അപ്പോഴാണ് മഞ്ഞു മൂടിയ പാറകൾക്കിടയിൽ വലിയൊരു ഗുഹ കണ്ടത്. മറ്റൊന്നും ആലോചിക്കാതെ അദ്ദേഹം അതിനുള്ളിലേക്ക് കയറി. യാത്രാക്ഷീണം കൊണ്ട് ഗുഹയ്ക്കുള്ളിൽ കിടന്ന് ഉറങ്ങിപ്പോയി.

പിന്നീട് എന്തോ ശബ്ദം കേട്ടാണ് ലാമ കണ്ണുതുറന്നത്. അപ്പോഴുണ്ട് മുന്നിൽ കോപാകുലനായ ഒരു സന്ന്യാസി നിൽക്കുന്നു.


"ഇതെന്റെ ഗുഹയാണ്! ഇതിനുള്ളിൽ കയറി വിശ്രമിക്കുന്നോ? വേഗം പുറത്തുകടക്ക്!", സന്ന്യാസി ദേഷ്യത്തോടെ പറഞ്ഞു.

"അങ്ങ് ആരാണെന്നു മനസിലായില്ല. ഈ ഗുഹ താങ്കൾ ഉണ്ടാക്കിയതാണോ?" സഗർലാമ ശാന്തനായി ചോദിച്ചു.

സന്ന്യാസി കോപത്തോടെ പറഞ്ഞു: "എന്റെ ഗുഹയിൽ കയറി താമസിച്ചിട്ട് ഞാനാരാണെന്നു ചോദിക്കുന്നോ? പതിമൂന്നു വർഷമായി ഈ ഗുഹയിൽ തപസു ചെയ്യുന്ന സന്ന്യാസിയാണ് ഞാൻ!"

സഗർലാമ ചിരിച്ചുകൊണ്ടു പറഞ്ഞു: "എങ്കിൽ ആ പതിമൂന്നുകൊല്ലം വെറുതെപോയി. ആരുടെയും സ്വന്തമല്ലാത്ത ഈ ഗുഹപോലും സ്വന്തമെന്ന് പറയുന്ന ഒരാൾ എങ്ങനെ സന്ന്യാസിയാകും? എല്ലാം ഉപേക്ഷിച്ചവനല്ലേ സന്ന്യാസി? യഥാർത്ഥ സന്ന്യാസിയാകണമെങ്കിൽ താങ്കൾ ഇനി ഒന്നുമുതൽ തുടങ്ങേണ്ടിവരും." അപ്പോഴാണ് ഒരു സന്ന്യാസിക്ക് ഒട്ടും ചേരാത്ത വാക്കുകളാണ് താൻ പറഞ്ഞതെന്ന് അദ്ദേഹത്തിനു മനസ്സിലായത്. സന്ന്യാസി സഗർലാമയെ വണങ്ങി തന്റെ തെറ്റിനു മാപ്പുചോദിച്ചു. പിന്നീടുള്ള കാലം യഥാർഥ സന്ന്യാസിയാകാൻ അദ്ദേഹം പരിശ്രമിക്കുകയും ചെയ്തു.

## സോളമൻ



ഇസ്രയേലിന്റെ മൂന്നാമത്തെ ചക്രവർത്തിയായിരുന്നു സോളമൻ. ക്രിസ്തുവിനു മുമ്പ് 970 മുതൽ 928 വരെയുള്ള കാലഘട്ടത്തിലാണ് സോളമൻ ചക്രവർത്തി ഭരണം നടത്തിയത്. ദാവീദിന്റെയും ബെത്ഷബാ രാജ്ഞിയുടെയും മകനാണ് സോളമൻ ചക്രവർത്തി. അയൽ രാജ്യങ്ങളുമായി മികച്ച ബന്ധമുണ്ടായിരുന്ന സോളമൻ ചക്രവർത്തിയുടെ കീഴിൽ ഇസ്രയേൽ സമ്പൽസമൃദ്ധമായി. ജറുസലേമിലുണ്ടായിരുന്ന ദേവാലയം പണിതത് ഈ ചക്രവർത്തിയാണ്.

## ഇരുമ്പ് മുറിക്കും വെള്ളം

ശരിയാണ്. വെള്ളമുപയോഗിച്ച് വസ്തുക്കൾ മുറിക്കുന്ന യന്ത്രമുണ്ട്. വൻകിട വ്യവസായ കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന വാട്ടർ ജെറ്റ് കട്ടർ എന്ന ഉപകരണമാണ് ഈ സൂത്രം. അതീവ ശക്തിയിൽ വെള്ളം പുറത്തേക്ക് ചീറ്റി മരവും ഇരുമ്പും അടക്കമുള്ള വസ്തുക്കൾ മുറിച്ചെടുക്കാൻ പറ്റും. കൂടിയ മർദ്ദത്തിൽ വെള്ളം പുറത്തേക്ക് ചീറ്റിക്കുന്നതിലാണ് ഇതിന്റെ രഹസ്യമിരിക്കുന്നത്. 60,000 മുതൽ 90,000 പി.എസ്.ഐ (pound per squire inch) മർദ്ദമാണ് വെള്ളം പുറത്തേക്ക് ചീറ്റിക്കാൻ ഉപയോഗിക്കുന്നത്. ഇത്രയും ശക്തമായി പുറത്തേക്കുവരുന്ന വെള്ളം ഒരു ഉരുക്കുദണ്ഡിനേക്കാൾ പലമടങ്ങ് ബലമേറിയതായിരിക്കും.



## താടിമീശ നികുതി!


റഷ്യ ഭരിച്ചിരുന്ന പീറ്റർ ചക്രവർത്തിക്ക് താടി വളർത്തുന്നവരോട് കടുത്ത ദേഷ്യമായിരുന്നു. ആരെയും താടി വയ്ക്കാൻ അദ്ദേഹം സമ്മതിച്ചിരുന്നില്ല. ഇതിനെ ജനങ്ങൾ എതിർത്തപ്പോൾ പുരോഹിതന്മാർക്കും കൃഷിക്കാർക്കും താടി വയ്ക്കാം എന്നും ഉത്തരവിറക്കി.

മറ്റുള്ളവർ താടി വെക്കണമെങ്കിൽ വലിയൊരു സംഖ്യ നികുതിയായി നൽകണം. നികുതിയടച്ചവർക്ക് താടിയും മീശയുമുള്ള ഒരാളുടെ രൂപം കൊത്തിയ മെഡൽ കിട്ടും. വസ്ത്രത്തിൽ ഈ മെഡൽ കുത്തിവെച്ചു മാത്രമേ താടിക്കാർ നടക്കാൻ പാടുള്ളു എന്നായിരുന്നു പീറ്റർ ചക്രവർത്തിയുടെ ഉഗ്രശാസന.



## ചിത്രത്തിന്റെ പേര്


ലിയോനാർഡോ ഡാവിഞ്ചി യുടെ 'മോണാലിസ' എന്ന ചിത്രം അറിയാമല്ലോ, ഇതിന്റെ യഥാർത്ഥ പേര് എന്താണെന്നോ 'ലാഗിയ കോണ്ട.'





# കന്നട്ടയുടെ പുത്രിമാർ 2





ജീവവചനം

ടി.എം. വർഗ്ഗീസ് ഓതറ

**ദൈ**വം നമ്മെ അനുഗ്രഹിച്ച് സമൃദ്ധിയിലേക്കു കൊണ്ടുവരുമ്പോൾ നമ്മുടെ സമൃദ്ധി സമശിഷ്ടങ്ങൾക്കും ഉപകാരപ്രദമായിരിക്കേണം. ദൈവം നമ്മെ അനുഗ്രഹിക്കുന്നത് മറ്റുള്ളവർക്കു നാം ഒരനുഗ്രഹമായിരിക്കാനാണ്. "വിശപ്പുള്ളവനോടു നീ താല്പര്യം കാണിക്കയും കഷ്ടത്തിൽ ഇരിക്കുന്നവനു തൃപ്തിവരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും; നിന്റെ അന്ധകാരം മദ്ധ്യാഹ്നം പോലെയാകും..." (യെശ. 58:10).

"ഭക്തനായ ഇയ്യോബ് പറയുന്നു: "ദരിദ്രന്മാരുടെ ആഗ്രഹം ഞാൻ മുടക്കിയെങ്കിൽ, വിധവയുടെ കണ്ണു ഞാൻ ക്ഷീണിപ്പിച്ചെങ്കിൽ, അനാഥനു അംശം കൊടുക്കാതെ ഞാൻ തനിച്ചു എന്റെ ആഹാരം കഴിച്ചെങ്കിൽ..." (ഇയ്യോ. 31:16-17).

യാക്കോബ് അപ്പൊസ്തലൻ പറയുന്നു: "ഒരു സഹോദരനോ സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു: "സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ" എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്കു ആവശ്യമുള്ളതു അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്തു?" (യാക്കോ. 2:15-16).

ദൈവത്തിൽ നിന്നും പ്രാപിച്ച നന്മകൾക്കും അനുഗ്രഹങ്ങൾക്കും നാം ദൈവത്തോടു കണക്കു കൊടുക്കേണ്ട ഒരു ദിവസം നമ്മുടെ മുമ്പിലുണ്ടെന്നുള്ളത് അറിഞ്ഞിരിക്കേണം. ദൈവം തന്ന ആരോഗ്യം, കഴിവ്, സമയം, ഭൗതിക നന്മകൾ ഇവയുടെ കാര്യവിചാരകന്മാരാണ് നാം എന്നോർത്തിരിക്കേണം.

**പ്രാണൻ തൃപ്തിപ്രാപിക്കണമെങ്കിൽ**

"എന്റെ കിടക്കയിൽ നിന്നെ ഓർക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കയും ചെയ്യുമ്പോൾ എന്റെ പ്രാണനു (soul) മജ്ജയും മേദസ്സുംകൊണ്ടു എന്നപോലെ തൃപ്തി വരുന്നു" (സങ്കീ. 63:5-6).

മനുഷ്യജീവിതത്തിൽ നിരാശ, ദുഃഖം, കടഭാരം, കുടുംബഭാരം, കുടുംബകലഹം എന്നിവയാൽ സന്തോഷവും സമാധാനവും നഷ്ടപ്പെടുമ്പോൾ താല്ക്കാലികമായി എല്ലാം മറക്കുവാനായി മനുഷ്യർ മദ്യവും മയക്കുമരുന്നും മറ്റു പലതും തേടിപ്പോകുന്നു. ഒടുവിൽ അത് നിത്യദുഃഖത്തിൽ അവനെ കൊണ്ടെത്തിക്കുന്നതായി കാണുന്നു.

നമ്മുടെ ജഡത്തേയും കണ്ണിനേയും സന്തോഷിപ്പിക്കുന്ന പല കാര്യങ്ങൾ ലോകത്തിൽ കണ്ടെന്നു വരാം. എന്നാൽ ഈ ലോകം തരുന്ന സന്തോഷത്തിനു മനുഷ്യന്റെ പ്രാണനെ തൃപ്തിപ്പെടുത്തുവാൻ കഴികയില്ല. യഥാർത്ഥ ദൈവീക സന്തോഷത്തിനും ദൈവീക സമാധാനത്തിനും മാത്രമേ മനുഷ്യന്റെ പ്രാണനു തൃപ്തിവരുത്തുവാൻ കഴിയുകയുള്ളു.

കർത്താവായ യേശു പറഞ്ഞു: "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്" (യോഹ. 14:27). സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവമാണ് നമ്മോടുകൂടെയുള്ളത് (2 കൊരി.13:11). ക്രിസ്തുയേശുവാണ് നമ്മുടെ സമാധാനം (എഫെ. 2:14). യേശു ഈ ലോകത്തിൽ വന്ന് സമാധാനം സുവിശേഷിച്ചു (അ.പ്ര. 10:36); ഈ സമാധാന സുവിശേഷം ഇന്നും ലോകത്തിൽ പ്രഘോഷിച്ചുകൊണ്ടിരിക്കുന്നു (എഫെ. 6:15).

കർത്താവായ യേശുക്രിസ്തുവിലൂടെ സന്തോഷവും സമാധാനവും കണ്ടെത്തിയവരാണ് വിശ്വാസികൾ അഥവാ ദൈവമക്കൾ എന്നറിയപ്പെടുന്നത്. അവർ എന്നും തിരുവചനം ധ്യാനിക്കുന്നതിനാൽ ദൈവീക സന്തോഷത്താലും സമാധാനത്താലും നിറയപ്പെടുക മാത്രമല്ല അവരുടെ പ്രാണനു മജ്ജയും മേദസ്സും കൊണ്ടെന്നപോലെ തൃപ്തി പ്രാപിക്കുകയും ചെയ്യുന്നു. അതുകൊണ്ടത്രേ ദൈവമക്കൾ ഈ ലോകം തരുന്ന താല്കാലിക സന്തോഷം തേടി പോകാത്തത്.

ഇന്ന് മിക്ക ഭവനങ്ങളിലും ടി.വി. ഉണ്ടല്ലോ. ഇരുപത്തിനാലു മണിക്കൂറും ടി.വിയിൽ പ്രോഗ്രാമുകൾ ഉള്ളതിനാൽ അനേകം മണിക്കൂറുകൾ ടി.വിയുടെ മുമ്പിൽ ചെലവഴിക്കുന്നു. കർണ്ണരസമുള്ളതും ജഡത്തിനു സന്തോഷം നൽകുന്നതുമായ കാഴ്ചകൾ കണ്ടു കണ്ടു ജഡത്തിനു തൃപ്തി വരുത്തുന്നതല്ലാതെ അതൊന്നും പ്രാണനു തൃപ്തി വരുത്തുന്നില്ല എന്നതല്ലേ സത്യം. ആകയാൽ നിന്റെ പ്രാണൻ തൃപ്തി പ്രാപിക്കേണമെങ്കിൽ സമാധാനപ്രഭുവായ യേശുക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുക. അവനെ ഹൃദയത്തിൽ ധ്യാനിക്കുക. (തുടരും)

---

# ക്രിസ്തീയതയും പോരാട്ടവും



തുടർച്ച 8

**3) സഭ**

സാത്താന്റെ പദ്ധതിയിൽ ഉള്ള മറ്റൊരു പ്രവർത്തന മേഖലയാണ് സഭ. "ഞാൻ എന്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല" എന്നു കർത്താവു പറയാനുള്ള കാരണം, പാതാളഗോപുരങ്ങൾ സഭയ്ക്കെതിരായി പ്രവർത്തിക്കും എന്നു കർത്താവിന് അറിവുണ്ടായിരുന്നതിനാലാണ്.

അപ്പൊസ്തലപ്രവൃത്തികൾ വായിക്കുമ്പോൾ സാത്താൻ സഭയിൽ നുഴഞ്ഞുകയറുന്നത് ഏതുവിധത്തിലാണ് എന്നതു വ്യക്തമായി നമുക്കു മനസ്സിലാകും. പരിശുദ്ധാത്മാവ് ഭൂമിയിലേക്കിറങ്ങി വന്ന് സഭ സ്ഥാപിതമായതു മുതൽ കുറെക്കാലത്തേക്ക് (അപ്പൊസ്തലപ്രവൃത്തികൾ ഒന്നു മുതൽ നാലുവരെ അദ്ധ്യായങ്ങളിൽ) പിശാചിന് അകത്തു കടക്കാൻ കഴിഞ്ഞില്ല. ചില നാളുകൾ കഴിഞ്ഞപ്പോൾ, ആളുകളുടെ എണ്ണം പെരുകിയപ്പോൾ അനന്യാസിലൂടെയും സഫീറയിലൂടെയും സാത്താൻ സഭയ്ക്കുള്ളിലേക്ക് നുഴഞ്ഞുകയറി എന്ന് അഞ്ചാമത്തെ അദ്ധ്യായത്തിൽ നാം വായിക്കുന്നു. ആത്മാവ് ഇറങ്ങിവന്നശേഷം രണ്ടാമത്തെ തലമുറ പോലും ആയിട്ടില്ല, അതിനുമുമ്പേ മായം കലർന്നു. പിശാചിനു കൈവന്ന വലിയ നേട്ടമായിരുന്നു അത്.

ഇന്നു ഭാരതമണ്ണിൽ ജീവിക്കുന്ന നാം ഓരോരുത്തരും പുറത്തു നിന്ന് സഭയ്ക്കു നേരെ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന പോരാട്ടങ്ങളെ ഓർത്തു പ്രാർത്ഥിക്കുവാൻ വളരെ കടപ്പെട്ടവരാണ്. എന്നാൽ ഒരു വസ്തുത മറക്കാവതല്ല. സഭയ്ക്കു പുറത്തു നിന്നു വരുന്ന പ്രശ്നങ്ങൾ മുഖാന്തരം സഭ ഒരിക്കലും തകർന്നു പോകയില്ല. പുറത്തുനിന്നുള്ള പോരാട്ടത്തേക്കാൾ ഗൗരവതരമാണ് സഭയ്ക്കുള്ളിൽ നിന്നും ഉയരുന്ന പ്രശ്നങ്ങൾ. ഇതു മുഖാന്തരം സഭ തകർന്നുകൊണ്ടിരിക്കും. സഭയിൽ ഛിദ്രമുണ്ടാക്കാൻ സാത്താൻ ഉപയോഗിക്കുന്ന ആയുധങ്ങൾ പലതാണ്:

1. വിശ്വാസശോഷണം. 2. ദൈവസ്നേഹം തണുത്തുപോകുന്നത്. 3. വിരുദ്ധ ചിന്താഗതികൾ. 4. അന്യസുവിശേഷങ്ങൾ

**വിശ്വാസ ശോഷണം അഥവാ വിശ്വാസത്തകർച്ച**

ക്രിസ്തീയ ജീവിതത്തിന് മറ്റു മനുഷ്യരുടെ ജീവിതവുമായി താരതമ്യം ചെയ്യുമ്പോൾ ബാഹ്യമായ വ്യത്യാസങ്ങൾ ഒന്നും കാണുകയില്ല. എല്ലാ മനുഷ്യരും ജാതിമതഭേദമന്യേ പ്രതിബന്ധങ്ങളെയും മത്സരങ്ങളെയും വേദനകളെയും തകർച്ചകളെയും ഒരുപോലെ നേരിടുന്നവരാണ്. വിശ്വാസിക്കു പിന്നെന്തു പ്രത്യേകത എന്ന ചോദ്യം പലരെയും ഉലച്ചുകളയും. ഒരു ക്രിസ്തീയ വിശ്വാസിയുടെ ജീവിതത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് വളരെ വ്യത്യസ്തതയുള്ളതാണ് എന്നത് അവനെ/ അവളെ മറ്റുള്ളവരിൽ നിന്നും ഉയർത്തി നിർത്തുന്നു. ഒരു വിശ്വാസി ജീവിതത്തെ പ്രതിബന്ധങ്ങൾക്കതീതമായി കാണുന്നവനും പ്രശ്നങ്ങളെ വിശ്വാസത്തിന്റെ ഉറപ്പിൽ അതിജീവിക്കുന്നവനുമായിരിക്കും.

മറിച്ചുള്ള ചിന്താഗതിയിൽ, വിശ്വാസി പിടിച്ചുനിൽക്കുവാൻ കഴിയാതെ ക്ഷീണിച്ചുപോകുന്നു. അതു സഭയിലേക്ക് വ്യാപിക്കുന്നു. സഭ വിശ്വാസം നഷ്ടപ്പെട്ട് വെറുമൊരു സംഘടനയുടെ തലത്തിലേക്ക് ചുരുങ്ങിപ്പോകുന്നു. ഈ പ്രവണത സഭ വളർച്ചയിലേക്കു കുതിക്കുമ്പോൾ പിശാച് കൊണ്ടുവന്നു വിതറുന്നതാണ്. 'ദുഷ്ടൻ വിതച്ച കളകൾ'പോലെ അതു സഭയിൽ ഞെരുക്കമുണ്ടാക്കും. അപ്പോൾ ലൗകിക സുഖങ്ങളും ലൗകിക വളർച്ചയുമായിരിക്കും സഭയിലെ ചർച്ചാവിഷയം. ദൈവാനുഗ്രഹങ്ങളെ സാമ്പത്തിക വളർച്ചയുടെ സ്ഥിതിവിവരക്കണക്കുകളുമായി ചേർത്തുവയ്ക്കുന്നു. കർത്താവിന്റെ സാന്നിദ്ധ്യം സഭയ്ക്കില്ലെന്നറിയാതെ സഭ ക്രമേണ തകർന്നുപോകുന്നു. യഥാർത്ഥ വിശ്വാസികൾ ഇല്ലാത്ത വെള്ളതേച്ച ശവക്കല്ലറകൾപോലെ ആയിത്തീരുന്നു സഭകൾ. പിശാചിന്റെ ആവശ്യം നിറവേറ്റിക്കൊടുത്ത ഒരു സമൂഹമായി സഭ അധഃപതിക്കുകയും ചെയ്യുന്നു.

**ദൈവസ്നേഹം തണുത്തുപോകുന്നു**

വിശ്വാസത്തിന്റെ കാറ്റ് അമർന്നു കഴിയുമ്പോൾ പരിശുദ്ധാത്മാവിന്റെ ചേതന നഷ്ടമാകുന്നു. സ്നേഹത്തിനു പകരം വിദ്വേഷവും പകയും അധികാര മോഹവും കയറിവരുന്നു. കീഴ്പ്പെടുന്നതിനും അനുസരിക്കുന്നതിനും പകരം തർക്കങ്ങളും വ്യവഹാരങ്ങളും തലപൊക്കുന്നു. എല്ലാവരും കലഹപ്രിയരായി പരസ്പരം ആക്രോശിക്കുമ്പോഴും പിശാച് അവരുടെ ഉള്ളിൽ പറഞ്ഞുകൊടുക്കുന്നത് ഇതെല്ലാം ദൈവരാജ്യത്തിനു വേണ്ടിയാണെന്നത്രേ. എന്തൊരു വൈരുദ്ധ്യം!

**വിരുദ്ധ ചിന്താഗതികൾ**

വിശ്വാസത്തിനും വചനത്തിനും കൂട്ടായ്മയ്ക്കും എതിരായി സഭയിൽ ധാരാളം ആളുകളെ പിശാച് എഴുന്നേല്പിക്കും. ഒറ്റനോട്ടത്തിൽ മനോഹരം, ജ്ഞാനചിന്തകൾ എന്നൊക്കെ തോന്നിക്കുന്ന ആശയങ്ങളുമായി ധാരാളം വേദവിപരീതികൾ ഉയർന്നുവരും. അടുത്തയിടെ ദൈവശാസ്ത്രജ്ഞർക്കിടയിൽ ഒരു ചർച്ചയുണ്ടായിരുന്നു. സഭയിലേക്ക് പ്രകൃതിവിരുദ്ധ സ്വഭാവമുള്ളവരെ പ്രവേശിപ്പിക്കുന്നതിനെ ചൊല്ലിയായിരുന്നു തർക്കം. ബൈബിൾ എന്തുപറയുന്നു എന്നതാണോ സ്വീകാര്യം അതോ സമൂഹം എന്തു പറയുന്നു എന്നതാണോ? സഭ ആരുടെ കൂടെ നില്ക്കണം? എവിടെ നില്ക്കണം?

**അന്യസുവിശേഷങ്ങൾ**

ഇന്ന് വേദപുസ്തകം ആർക്കും വ്യാഖ്യാനിക്കുവാൻ കഴിയുന്ന തരത്തിൽ വിവിധ ഭാഷകളിൽ എഴുതപ്പെട്ടിട്ടുണ്ട്. അടിസ്ഥാന വിവരം ഇല്ലാത്തവർക്ക് ഓരോ വ്യാഖ്യാനവും ശരിയെന്നു തോന്നും. സത്യം മറിച്ചുകളയുന്ന വ്യാഖ്യാനങ്ങൾ വർദ്ധിച്ചുവരികയാണ്. ആടിന്റെ തോൽ ധരിച്ച ചെന്നായ്ക്കൾ എന്നു കർത്താവ് പറഞ്ഞിരിക്കുന്നത് ഈ കൂട്ടരെപ്പറ്റിയാണെന്നോർക്കുക. യേശുക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നിന്നും സ്നേഹത്തിൽ നിന്നും നമ്മെ അകറ്റി നിർത്തുന്ന ഏതിനെയും പിടിച്ചടക്കുവാനും കർത്താവിലുള്ള വിശ്വാസവും കർത്താവിനോടുള്ള സ്നേഹവും നിരന്തരം കാത്തുസൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. സഭയിൽ പ്രശ്നങ്ങൾ കൊണ്ടുവരുന്നത് ജഡരക്തങ്ങൾ അല്ല എന്നതു പ്രത്യേകം ഓർക്കുക. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് സാത്താനാകുന്നു. അവന്റെ യുദ്ധതന്ത്രങ്ങൾ ആണ് സഭയ്ക്കുള്ളിലുണ്ടാകുന്ന പ്രശ്നങ്ങൾ എന്ന് അറിയുക. അതുകൊണ്ട് ഈ കാലഘട്ടങ്ങളിൽ സഭയുടെ പരിപാവനതയെ നഷ്ടപ്പെടുത്തുന്ന സാത്താന്യതന്ത്രങ്ങളെ നേരിടാൻ വചനപരിജ്ഞാനവും ആത്മശക്തിയും പ്രാപിക്കുക. ആത്മീയ തീക്ഷ്ണതയിൽ വളരുവാൻ അതേയുള്ളു മാർഗ്ഗം (തുടരും).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# നിലവിളിക്കുന്ന ചിത്രങ്ങൾ

"നാസികളുടെ കോൺസൻട്രേഷൻ ക്യാമ്പിലെ നാസി ഡോക്ടർ ജോസഫ് മീഗീലിയുടെ മുമ്പിൽ തണുത്തു വിറച്ച് നഗ്നരായി നിൽക്കുന്ന യഹൂദ പെൺകുട്ടികളുടെ ഭയന്നു വിറച്ച കണ്ണുകൾ എന്നെ തുറിച്ചു നോക്കി. കൊടും തണുപ്പിൽ വിശന്ന് തളർന്നു നിന്ന അവരുടെ നഗ്ന ശരീരത്തെ നോക്കി വൃത്തികെട്ട തമാശ പറയുന്ന നാസി ഡോക്ടർമാർ ആവശ്യപ്പെട്ടപോലെ ഫോട്ടോ എടുത്ത് ഞാൻ മടങ്ങി. എന്റെ പിന്നിൽ ഡോക്ടർ മീഗീലി ക്ലിനിക്കിന്റെ വാതിൽ അടച്ചു. വിറയ്ക്കുന്ന കാലുകളോടെ ഞാൻ വേഗം നടന്നു. പിന്നിൽ ഞരമ്പുകളെ തളർത്തുന്ന നിലവിളി. ഡോ. മീഗീലിയും സംഘവും ജീവനുള്ള അവരുടെ ശരീരത്തിൽ വൈദ്യശാസ്ത്ര പരീക്ഷണങ്ങൾ നടത്തുകയാണ്. പിന്നീട് ഗ്യാസ് ചേമ്പറിന്റെ തണുത്ത തറയിലും ഞാൻ ആ മുഖങ്ങളെ തിരിച്ചറിഞ്ഞു. ഏതാനും മണിക്കൂർ മുമ്പ് എന്റെ ക്യാമറയ്ക്ക് മുന്നിൽ ഭയന്ന കണ്ണുകളോടെ എന്നെ തുറിച്ചു നോക്കിയ അതേ മിഴികൾ. പാതി വിടർന്ന ചുണ്ടുകൾ എന്തോ പറയാൻ ബാക്കി വെച്ചതുപോലെ. ഉറക്കം വരാത്ത രാത്രികളിൽ ഞാൻ കരഞ്ഞു. ജീവിക്കാൻ ഫോട്ടോഗ്രാഫി തെരഞ്ഞെടുത്തതിൽ ഞാൻ എന്നെത്തന്നെ ശപിച്ചു. എന്റെ പ്രിയപ്പെട്ട ക്യാമറ എനിക്ക് പേടിയാണ് സമ്മാനിച്ചത്."

നാസി തടങ്കൽ പാളയത്തിന്റെ ക്യാമ്പ് ഫോട്ടോഗ്രാഫർ വിൽഹെം ബ്രെയ്സി തന്റെ ഓർമ്മക്കുറിപ്പിൽ പറഞ്ഞതാണ് മേലുദ്ധരിച്ച വരികൾ. ഇത്രമാത്രം മനുഷ്യക്കുരുതിക്ക് സാക്ഷ്യം വഹിച്ച വേറൊരാൾ ലോകത്തില്ല. 2012 സെപ്റ്റംബർ 23-ന് തന്റെ ചിത്രങ്ങൾ എന്നേയ്ക്കുമായി ഉപേക്ഷിച്ച് ബ്രെയ്സി ഈ ലോകത്തോട് വിടപറഞ്ഞു.

തന്നെ ഏറ്റവുമധികം വേദനിപ്പിച്ച സംഭവം അദ്ദേഹം ഓർക്കുന്നു. ഒരിക്കൽ ഒരു നാസി ഡോക്ടർ എന്നെ അയാളുടെ ക്യാമ്പ് ഓഫീസിലേക്ക് വിളിപ്പിച്ചു. ഒരു തടവുകാരന്റെ പുറത്ത് വേറൊരു തടവുകാരൻ ആദത്തിന്റെയും ഹവ്വയുടെയും ചിത്രം പച്ചകുത്തിയതിന്റെ ഫോട്ടോ എടുക്കണം. ഞാൻ ഫോട്ടോ എടുത്ത് എന്റെ മുറിയിലേക്ക് മടങ്ങി. ഒരു മണിക്കൂറിനുള്ളിൽ എന്നെത്തേടി വീണ്ടും ആളെത്തി. ഞാൻ ക്യാമ്പിലെ ഡോക്ടറുടെ ക്യാബിനിലെത്തി. എന്നെ അയാൾ തന്റെ പരീക്ഷണ മുറിയിലേക്ക് കൊണ്ടുപോയി. ദൈവമേ... എന്റെ നട്ടെല്ലിലൂടെ ഒരു മിന്നൽപിണർ പാഞ്ഞു. ഞാൻ എടുത്ത ആദത്തിന്റെയും ഹവ്വയുടെയും ചിത്രം ആ മനുഷ്യന്റെ തോലോടെ ഉരിഞ്ഞെടുത്ത് മേശപ്പുറത്ത് വിരിച്ചിരിക്കുന്നു. കൊന്നശേഷം തോലുരിഞ്ഞ ശവം മേശക്കടിയിൽ കിടക്കുന്നു.... 'നിന്റെ ഫോട്ടോ എനിക്ക് ഇഷ്ടമായി ഈ പടം എനിക്ക് ചില്ലിട്ട് സൂക്ഷിക്കണം.' കൂസലില്ലാതെ നാസി ഡോക്ടർ പറഞ്ഞു. എനിക്ക് മുന്നിൽ ലോകം മറയുന്നതുപോലെ, ഞാൻ മരവിച്ച് നിന്നു.

കൊല്ലാൻ കൊണ്ടുവന്ന മനുഷ്യരുടെ ചിത്രം മാത്രമല്ല, നാസി ഡോക്ടർമാർ യഹൂദ സ്ത്രീകളുടെയും കൊച്ചുകുട്ടികളുടെയും ശരീരത്തിൽ നടത്തിയ കാടൻ പരീക്ഷണങ്ങളുടെയും ഫോട്ടോയെടുക്കാൻ ബ്രെയ്സി നിർബന്ധിതനായി. മരവിപ്പിക്കാതെ ശരീരത്തിലെ അവയവങ്ങൾ പിഴുതെടുക്കുക, നെഞ്ചുപിളർന്ന് ഹൃദയം പറിച്ചെടുക്കുക, ശരീര അവയവങ്ങൾ മറ്റു മനുഷ്യരിലേക്ക് പറിച്ചു നടുക. നഗ്നരായി മനുഷ്യരെ മഞ്ഞിൽ നിർത്തി മരണപ്പെടുന്ന രീതി നോക്കികാണുക എന്നിവ അവയിൽ ചിലത് മാത്രം. മനുഷ്യരോട് പറയാൻ പറ്റാത്ത പല പരീക്ഷണങ്ങളും നാസി ഡോക്ടർമാർ യഹൂദ സ്ത്രീകളിൽ നടത്തി. പല അവസരങ്ങളിലും ഇരകളായ പെൺകുട്ടികൾ ബ്രെയ്സിയെ പ്രതീക്ഷയോടെ ഉറ്റുനോക്കി. ക്യാമറയും കൈയ്യിലേന്തി അയാൾ നിസ്സഹായനായി നിന്നു. പിന്നെ ആരും കാണാതെ തന്റെ മുറിയിൽ പോയി കരഞ്ഞു.



പോളണ്ടുകാരനായ വിൽഹം ബ്രെയ്സി ഇരുപതാമത്തെ വയസിലാണ് നാസികളുടെ കയ്യിൽപെടുന്നത്. പോളണ്ടിൽ നിന്നും ഹങ്കറിയിലേക്ക് രക്ഷപ്പെടാൻ ശ്രമിക്കവെ അതിർത്തിയിൽ വെച്ച് നാസി പോലീസിന്റെ പിടിയിലായി. അവർ അവനെ നിർബന്ധിത തൊഴിലിനായി ഓഷ്വിറ്റ്സിലെ ക്യാമ്പിലേക്ക് കൊണ്ടുവന്നു. ഫോട്ടോഗ്രാഫിയിലെ തന്റെ പ്രാവീണ്യം മനസിലാക്കിയ ക്യാമ്പിന്റെ തലവൻ റുഡോൾഫ് ഹോസ് പറഞ്ഞു ക്യാമ്പിലെത്തുന്ന തടവുകാരുടെ തിരിച്ചറിയൽ കാർഡിനുള്ള ഫോട്ടോ നീ എടുക്കണം, സാധ്യമല്ലെങ്കിൽ ഇപ്പോൾ പറയണം. നാസി കമാണ്ടറുടെ സന്ദേശം ബ്രെയ്സിക്ക് മനസിലായി, ഫോട്ടോയെടുക്കാൻ തയ്യാറല്ലെങ്കിൽ ശിക്ഷ മരണമായിരിക്കും. നാസികൾ ബ്രെയ്സിയുടെ കൈയ്യിൽ ചാപ്പകുത്തി. പോളണ്ടുകാരനായ തടവുകാരൻ 3444.

1945 ജനുവരിയിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യപാദത്തിൽ റഷ്യയുടെ ചെമ്പട തങ്ങളെ വളയുന്നു എന്നറിഞ്ഞ നാസികൾ ഫോട്ടോകളും അവയുടെ നെഗറ്റീവ് ഫിലിമുകളും കത്തിച്ചുകളയാൻ ഉത്തരവിട്ടു. നാളെ ചരിത്രത്തിന്റെ നാവുകളാകും ഈ ചിത്രങ്ങൾ എന്ന് തിരിച്ചറിഞ്ഞ ബ്രെയ്സി പ്രധാനപ്പെട്ട ഫോട്ടോകളും അവയുടെ നെഗറ്റീവ് ഫിലിമുകളും പ്ലാസ്റ്റിക്ക് ബാഗിലാക്കി മണ്ണിൽ കുഴിച്ചിട്ടു. നെഗറ്റീവുകളും ഫോട്ടോകളും കുറെയെല്ലാം കത്തിച്ചു. യുദ്ധത്തിനു ശേഷം തങ്ങളെ രക്ഷിച്ച റഷ്യയുടെയും അമേരിക്കയുടെയും സൈനികരുടെ സഹായത്തോടെ അവയെല്ലാം വീണ്ടെടുത്തു. റഷ്യയുടെയും അമേരിക്കയുടെയും സൈനിക ഫോട്ടോ ലാബിൽ ആ നെഗറ്റീവ് ഫിലിമുകൾ ബ്രോമൈഡ് പേപ്പറിൽ ജീവൻപൂണ്ടു. അങ്ങനെ 60 ദശലക്ഷം മനുഷ്യരുടെ മായാത്ത ചോരക്കറ ചരിത്രമായി. അവ ലോകത്തെ ഭയപ്പെടുത്തി, പിന്നെ കരയിച്ചു. മനുഷ്യന് മനുഷ്യനോട് ഇത്ര ക്രൂരത കാട്ടാൻ പറ്റുമോ. ജീവിച്ചിരിക്കുന്ന നാസികളെ വേട്ടയാടാൻ ഇസ്രയേലിന്റെ ചാരസംഘടന മൊസാദിന് സഹായകമായി പല ചിത്രങ്ങളും. പോളണ്ടിലെ ബ്രിക്ക്നോവിലെ മുഖ്യ തടങ്കൽ പാളയം നയിച്ച നാസി പട്ടാള മേധാവി റുഡോൾഫ് ഐെച്ച്മാനെയും, ഗ്യാസ്ചേമ്പർ സ്ഥാപിക്കാൻ മുൻകൈയ്യെടുത്ത ഹെന്റിച്ച് ഹിംല്ലറേയും തിരിച്ചറിയാനും അവരെ ജീവനോടെ പിടിക്കാനും ഈ ചിത്രങ്ങൾ സഹായിച്ചു. നാസികളുടെ തടവിൽ നിന്നും മോചിതനായ ശേഷം തന്റെ പ്രിയപ്പെട്ട തൊഴിൽ വിൽഹെം ബ്രെയ്സി ഉപേക്ഷിച്ചു. പിന്നീട് ജീവിതത്തിലൊരിക്കലും ബ്രെയ്സി ക്യാമറ കൈയ്യിലെടുത്തില്ല.


**ഇനിയൊരിക്കലും ആവർത്തിക്കരുതാത്ത കുറ്റകൃത്യമാണ് നാസിസവും ഫാസിസവുമെന്നൊക്കെ ചരിത്രം മുന്നറിയിപ്പു നൽകുന്നു. അതിന്റെ ഓർമ്മകൾ പോലും മനുഷ്യമനസുകൾക്ക് ആഘാതമാണ്. പക്ഷെ ഓർമ്മകൾ ഉണ്ടായിരിക്കേണം... ഇനിയും പീഡനങ്ങൾ, കൊടുംപാതകങ്ങൾ ഇവിടെ ആവർത്തിക്കപ്പെടുകതന്നെ ചെയ്യും.**

**666 യാഥാർത്ഥ്യമാകും. ക്രിസ്ത്യാനിയെ കാത്തിരിക്കുന്നത് കൊടിയ പീഡനങ്ങൾ. ഭീകരമായ യാഥാർത്ഥ്യങ്ങൾ- വ്യക്തമായ തെളിവുകളോടെ വായിക്കുക.**

**ബൈബിൾ പ്രവചനങ്ങളും അന്ത്യകാല സംഭവങ്ങളും**

**വിശ്വാസിയേയും അവിശ്വാസിയേയും ഒരുപോലെ ഒറ്റവായനയിൽ തന്നെ ഒരു തീരുമാനത്തിൽ എത്തിക്കുവാൻ പ്രാപ്തമായ പുസ്തകം. മാസികാവിലാസത്തിൽ ലഭ്യമാണ്.**





"ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ" (1 പത്രോ. 4:13).

# ക്രിസ്തീയ സഭയും പീഡനങ്ങളും

**ക്രൈ**സ്തവസഭ അതിന്റെ ശൈശവദശ മുതൽ കഠിന ശോധനയിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നു. ഒന്നാം നൂറ്റാണ്ടുമുതൽ സഭയെ അന്നത്തെ ഗവൺമെന്റ് നിയമവിരുദ്ധ മതമായും ദുർമ്മാർഗ്ഗികളായും രാജ്യദ്രോഹികളായുമൊക്കെ ദുർവ്യാഖ്യാനം ചെയ്യുകയും പീഡിപ്പിക്കുകും ചെയ്തിരുന്നു. റോമാ ഗവൺമെന്റിൽനിന്നും ക്രൈസ്തവസഭ അനുഭവിച്ച പീഡനങ്ങൾ അനവധിയാണ്.

നിറോ ചക്രവർത്തിയുടെ കാലഘട്ടത്തിൽ അപ്പൊസ്തലന്മാരായ പൗലോസും പത്രോസും രക്തസാക്ഷികളായി റോമിൽ വച്ചു മരിച്ചു എന്ന് വിശ്വസിക്കുന്നു. നീറോയ്ക്കുശേഷം വന്നവരെല്ലാംതന്നെ ക്രൈസ്തവസഭയുടെ നിത്യശത്രുക്കളായി മാറി എന്നുവേണം കരുതാൻ. ഈ കാലഘട്ടത്തിലെല്ലാം അനേകം ഭക്തന്മാർ രക്തസാക്ഷികളാകുവാൻ ഇടയായി. നീറോ മുതൽ ഡയോക്ലീഷ്യൻ വരെയുള്ള ഏകദേശം 300 വർഷത്തോളം നീണ്ടുനിന്നതായിരുന്നു ക്രൈസ്തവസഭയുടെ പീഡനകാലം.

രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്ത് എന്നാണ് തെർത്തുല്യൻ പറഞ്ഞിരിക്കുന്നത്. എന്നാൽ കോൺസ്റ്റന്റിയൻ ചക്രവർത്തിയുടെ കാലമായതോടെ ക്രൈസ്തവസഭ ലോകപ്രസിദ്ധമാകുന്നതിനും, സംഖ്യാ ബലത്തിലും നിർമ്മല വിശ്വാസ തത്വങ്ങളുടെ പ്രകാശത്താലും വിശ്വാസവീരന്മാരുടെ ധൈര്യസമ്പൂർണ്ണ സാക്ഷിയാലും റോമാസാമ്രാജ്യത്തെപ്പോലും അതിശയിപ്പിക്കുന്ന ഒരു ശക്തിയായി തീർന്നു.

ചരിത്രകാരന്മാർ പറയുന്നതിങ്ങനെയാണ്: ക്രിസ്ത്യാനികൾ റോമാക്കാരെ തോല്പിച്ചത് ജീവിത വിശുദ്ധിയാലും മരണത്താലും (ക്രിസ്ത്യാനികളുടെ വിശ്വാസ തീഷ്ണത) ആണ്. പീഡനങ്ങൾ ഉണ്ടായപ്പോഴെല്ലാം ക്രിസ്ത്യാനികൾ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രത്യാശ കൈവിടാതെ ദൈവത്തിനുവേണ്ടി പ്രവർത്തിച്ചു. ദൈവവും തന്റെ പ്രവർത്തി അത്ഭുതങ്ങളാലും അടയാളങ്ങളാലും ലോകത്തിന് കാട്ടുവാൻ ഇടയായി. ഇതിൽനിന്നെല്ലാം മനസ്സിലാക്കുന്ന ഒരു കാര്യം ഇന്നത്തെ സഭ പീഡനങ്ങളുടെ മദ്ധ്യത്തിൽ ജീവിതവിശുദ്ധിയോടെ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രത്യാശ കൈവിടാതെ സഭാ സംഘടന വ്യത്യാസമില്ലാതെ കർത്താവിനായി പ്രവർത്തിക്കുന്നപക്ഷം ലോകശക്തികളെ സ്നേഹം കൊണ്ടു കീഴ്പ്പെടുത്താൻ നമുക്കു കഴിയും എന്നാണ്.

ദൈവവചനം പറയുന്നു, ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാൽ ലജ്ജിക്കരുത്. ആ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

കൗൺസലിംഗ്

# നിശാശലഭങ്ങളെപ്പോലെ



**മാ**ത്യു എന്ന പേരുള്ള മത്തായിച്ചനും അയാളുടെ ഭാര്യ സൂസമ്മയും എന്നെ കാണാൻ വന്നത് അവരിരുവരുടെയും വലിയൊരു വേദന എന്നോട് പങ്കുവയ്ക്കാനാണ്. നാലു മക്കളാണവർക്ക്, രണ്ടാണും രണ്ടു പെണ്ണും. ഏറ്റവും മൂത്തതും ഏറ്റവും ഇളയതും പെൺമക്കളാണ്. മൂത്തവൾ റ്റിനിയുടെയും ആൺമക്കളിൽ മൂത്തവനായ റ്റോജോയുടെയും കല്ല്യാണം കഴിഞ്ഞു. റ്റിനി ഭർത്താവിനും മക്കൾക്കുമൊപ്പം അടിമാലിയിലാണ് താമസിക്കുന്നത്. റ്റോജോ ഇലക്ട്രീഷ്യനാണ്. ഇലക്ട്രിക് ജോലികൾ ഏറ്റെടുത്ത് ചെയ്യുന്ന റ്റോജോയുടെ കീഴിൽ നാലു പണിക്കാരുണ്ട്. റ്റോജോയും കുടുംബവും തറവാട്ടുവീട്ടിൽ തന്നെയാണ് താമസിക്കുന്നത്. ആൺമക്കളിൽ രണ്ടാമനായ റിജോ അബുദാബിയിലാണ്. അവിവാഹിതനായ അയാൾ അവിടെ നാട്ടുകാരനായ നെൽപുരയിടത്തിൽ ജോയിയുടെ റസ്റ്ററന്റിലെ ഷെഫാണ്. മക്കളിൽ ഇളയവൾ കുഞ്ഞുമോളെന്ന് അപ്പനും അമ്മയും വിളിക്കുന്ന ഷെറിൻ എം.സി.എ.ക്കാരിയാണ്. മൂത്ത മൂന്നു മക്കളിൽനിന്നും പെരുമാറ്റംകൊണ്ടും പ്രകൃതംകൊണ്ടും തീർത്തും വ്യത്യസ്തയാണ് ഷെറിൻ. ഇതു പറയുന്നത് ഷെറിന്റെ അപ്പനും അമ്മയുമാണ്. തന്റെ മൂത്ത മക്കളാരും തന്നോട് തർക്കുത്തരം പറയാറില്ലെന്നും തന്റെ വാക്കുകൾ അവർക്കു വേദവാക്യങ്ങളാണെന്നും പറയുന്ന മാത്യു ഇടറിയ കണ്ഠത്തോടെയാണ് തന്റെ ഇളയ മകളെപ്പറ്റി അവളുടെ പോക്ക് ശരിയല്ലന്ന് പറയുന്നത്. പട്ടണത്തിലെ കോളജിലാണ് ഷെറിൻ പഠിച്ചത്. നാട്ടുംപ്രദേശത്തെ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഷെറിൻ മാതാപിതാക്കൾക്കും കുടുംബങ്ങൾക്കും മാത്രമല്ല സ്കൂളിലെ അധ്യാപകർക്കും സഹപാഠികൾക്കുമൊക്കെ പ്രിയപ്പെട്ടവളും സ്വീകാര്യയുമായിരുന്നു. വഴിവിട്ട സൗഹൃദവും കോളജ് യൂണിയൻ പ്രവർത്തനങ്ങളുമാണ് ഷെറിനെ വഴിതെറ്റിച്ചതെന്നാണ് അവളുടെ മാതാപിതാക്കളുടെയും അവളെ അടുത്തറിയാവുന്നവരുടെയും അഭിപ്രായം. തങ്ങൾ നൽകിയ സ്വാതന്ത്ര്യം തങ്ങളുടെ മകൾ ദുരുപയോഗിക്കില്ലെന്ന് കരുതിയ തങ്ങൾക്ക് തെറ്റുപറ്റിയെന്ന് മാത്യുവും സൂസമ്മയും സമ്മതിക്കുന്നു. പട്ടണത്തിലെ കോളജ് പഠനകാലത്ത് തങ്ങളുടെ മകളുടെ പോക്കിനെപ്പറ്റി തങ്ങളുടെ നിരീക്ഷണത്തിന്റെയും പലരുടെയും വെളിപ്പെടുത്തലിന്റെയും വെളിച്ചത്തിൽ തങ്ങൾക്ക് സംശയം തോന്നിയിരുന്നെന്നും അന്നൊക്കെ കള്ളം പറഞ്ഞ് പല കാര്യങ്ങളും തങ്ങളെ അവൾ തെറ്റിദ്ധരിപ്പിക്കുകയായിരുന്നെന്നും ഷെറിന്റെ മാതാപിതാക്കൾ വലിയ വേദനയോടെ പറയുന്നു. വിശ്വസനീയനായ ഒരാൾവഴി അവർക്ക് അറിയാൻ കഴിഞ്ഞത് അവിശുദ്ധം എന്നു പറയാവുന്ന തരത്തിലുള്ള ഒരു ബന്ധം അവളുടെ സീനിയറായി പഠിച്ച ഒരു ക്രൈസ്തവേതര യുവാവുമായി അവൾക്കുണ്ടെന്നാണ്. ആ ബന്ധവും പരിചയവും ജീവിതംതന്നെ തകർക്കാൻ കാരണമാകുമെന്നുള്ള അവളുടെ മാതാപിതാക്കളുടെ വാക്കുകളോട് അവൾ പ്രതികരിച്ചത് അങ്ങനെയൊരാളെ തനിക്കറിയുകപോലുമില്ല എന്നുപറഞ്ഞാണ്. പിന്നീടുള്ള അവരുടെ അന്വേഷണത്തിൽ നിന്നും അവർക്ക് മനസിലായി തങ്ങളുടെ മകൾ പറഞ്ഞതെല്ലാം പച്ചക്കള്ളമായിരുന്നെന്ന്. തങ്ങളുടെ മകൾ ഇത്രയും നാളും തങ്ങളെ വിഡ്ഢികളാക്കുകയായിരുന്നുവെന്ന സത്യം മനസിലാക്കിയപ്പോൾ തന്റെ നെഞ്ചുപൊട്ടിപ്പോയി എന്നാണ് മാത്യു എന്നോടു പറഞ്ഞത്.



ഗൗരവമായ കാര്യങ്ങളെ സംബന്ധിച്ച് കള്ളങ്ങൾ പറഞ്ഞ് തങ്ങളുടെ അപ്പനമ്മമാരെ കബളിപ്പിക്കുകയും വിഡ്ഢികളാക്കുകയും ചെയ്യുന്ന മക്കൾ ഇന്ന് നമ്മുടെ കുടുംബങ്ങളിലുണ്ട് എന്നുള്ള വസ്തുത മാത്യുവും സൂസമ്മയും തങ്ങളുടെ ജീവിതാനുഭവത്തിന്റെ പിൻബലത്തോടെ വെളിപ്പെടുത്തുന്നു. ഇത്തരത്തിൽ പലരെയും കബളിപ്പിച്ച് അവസാനം കെണിയിൽ അകപ്പെട്ടിട്ടുള്ള എത്രയോ മക്കളുടെ ദുരനുഭവങ്ങളുടെ സാക്ഷ്യങ്ങൾ എന്റെ കാതുകളിൽ കേട്ടിട്ടുണ്ട് എന്നത് ഞാനും ഓർമിക്കുന്നു. വായനക്കാർക്കും ഇതിന് സമാനമായുള്ള എത്രയോ സംഭവങ്ങൾ കണ്ടും കേട്ടും അനുഭവമുണ്ടാകും. താഴെ വച്ചാൽ ഉറുമ്പരിക്കും തലേൽവച്ചാൽ പേനരിക്കും എന്ന വിചാരത്തോടെ മക്കൾ ഓരോരുത്തരുടെയും വളർച്ചയുടെ ഘട്ടങ്ങൾ നോക്കിക്കാണുകയും തങ്ങളുടെ സുഖസൗകര്യങ്ങൾ നോക്കാതെ അവർക്കായി ജീവിക്കുകയും ചെയ്ത മാതാപിതാക്കളുടെ മനസുകൾക്ക് ഇതുപോലെയുള്ള മക്കളുടെ അവിശ്വസ്തതയുടെയും ആത്മാർത്ഥത ഇല്ലായ്മയുടെയും ആഘാതങ്ങൾ ഏൽക്കാൻ ശക്തി ഉണ്ടാകുമോ? പലരും പറയുംപോലെ ഷെറിനെപ്പോലുള്ള മക്കൾക്ക് ഇത്തരം ദുരനുഭവങ്ങളിലൂടെ കടന്നുപോകുന്ന സ്വന്തം അപ്പനമ്മമാരുടെ നെഞ്ചിന്റെ നീറ്റൽ അറിയാൻ ഇടയാകണമെന്നുണ്ടെങ്കിൽ അവർക്കും തങ്ങളുടെ അപ്പനമ്മമാരുടേതിന് സമാനമായ ഇതുപോലൊരു കാലം വരണം.

എന്തേ നമ്മുടെ മക്കളിൽ ചിലർക്കൊക്കെ മേൽക്കണ്ടതുപോലെ തങ്ങളുടെ മാതാപിതാക്കളോടും കുടുംബത്തോടും ആത്മാർത്ഥതയും സ്നേഹവുമില്ലാതെ പോകുന്നു? തങ്ങൾക്കുവേണ്ടി ചോര നീരാക്കുന്ന തങ്ങളുടെ മാതാപിതാക്കളുടെ അധ്വാനത്തിന്റെ നൊമ്പരങ്ങളെ എന്തേ അവർ തിരിച്ചറിയാതെ പോകുന്നു? മക്കൾക്കുവേണ്ടി ജീവിക്കുന്ന അപ്പനമ്മമാർക്ക് തങ്ങളുടെ മക്കളുടെ ഹൃദയങ്ങളെ തൊടാൻ ആവുന്നില്ലേ? കുറ്റപ്പെടുത്താൻ ഞാൻ ആളല്ല. നമ്മുടെ രക്ഷാകർതൃത്വത്തിന്റെ വഴികളെ നാം പുനഃപരിശോധിക്കണമെന്ന് തോന്നുന്നു. നാം നോക്കി നിൽക്കെത്തന്നെ നിശാശലഭങ്ങളെപ്പോലെ നമ്മുടെ മക്കൾ നിത്യനാശാഗ്നിയിലേക്ക് അവിവേകത്തോടെ എടുത്തുചാടാതിരിക്കാനുള്ള മുൻകരുതലുകൾ ജാഗ്രതയോടെ അവരുടെ ചെറുപ്പകാലം മുതൽ തന്നെ നമുക്ക് കൈക്കൊള്ളാം.

പ്രേമം, സെക്സ് തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് മാതാപിതാക്കളും സ്ഥലം സഭയും മുന്നറിയിപ്പുകളും, വചനവ്യവസ്ഥയും, അവബോധവും നൽകി യുവജനങ്ങളെ ബോധവൽക്കരിക്കുന്നില്ലെങ്കിൽ ഈ തലമുറ നാശത്തിൽ ചെന്നവസാനിക്കും.

---



# വിവാഹം
## ഒരു മുന്നറിയിപ്പ്

**നി**ങ്ങളുടെ ജീവിതപങ്കാളിയായിത്തീരുവാൻ ഏറ്റവും അനുയോജ്യമായ വ്യക്തിയിലേക്കു നിങ്ങളെ നയിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. നിങ്ങൾ അവിടുത്തെ ശബ്ദത്തിനു ചെവികൊടുക്കുമെങ്കിൽ അപ്രകാരം നിങ്ങളെ വഴിനടത്തുവാൻ ദൈവം യഥാർത്ഥമായ താല്പര്യത്തോടെ കാത്തിരിക്കുകയാണ്.

തന്റെ മക്കളിൽ ഓരോരുത്തരുടെയും ജീവിതത്തെപ്പറ്റി ദൈവത്തിന് ഒരു പ്ലാൻ ഉണ്ടെന്ന് ബൈബിൾ പഠിപ്പിക്കുന്നു (എഫേ. 2:10). ഇതു സത്യമെങ്കിൽ നിങ്ങൾ വിവാഹം ചെയ്യണമോ വേണ്ടയോ എന്ന കാര്യം ദൈവം നേരത്തെതന്നെ പ്ലാൻ ചെയ്തിട്ടുണ്ട് എന്നു വിശ്വസിക്കാതിരിക്കുവാൻ സാധ്യമല്ല. നിങ്ങൾ വിവാഹം ചെയ്യേണ്ട ആളിനെയും ദൈവം തീർച്ചയായും നിശ്ചയിച്ചിട്ടുണ്ട്. എങ്കിലും തന്നെ അനുസരിക്കാൻ ദൈവം ആരെയും നിർബന്ധിക്കുന്നില്ല.



നിങ്ങളുടെ ആത്മരക്ഷ കഴിഞ്ഞാൽ ഭൗതിക ജീവിതത്തിൽ നിങ്ങൾക്കു ചെയ്യുവാനുള്ള ഏറ്റവും പ്രധാനമായ തീരുമാനം നിങ്ങളുടെ ജീവിതസഖിയെ തിരഞ്ഞെടുക്കുന്ന കാര്യത്തെ സംബന്ധിച്ചതാണ്. ഈ തീരുമാനമാകട്ടെ, ഒരിക്കൽ ചെയ്തുകഴിഞ്ഞാൽ പിന്നീടൊരിക്കലും ഭേദപ്പെടുത്താൻ കഴിയാത്തതായതുകൊണ്ട് ഈ കാര്യത്തിൽ ഒരു തെറ്റുപറ്റാതെ സൂക്ഷിക്കേണ്ടത് ഏറ്റവും ആവശ്യമാണ്. സ്വന്തം ജീവിതവൃത്തി അഥവാ തൊഴിൽ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ നിങ്ങൾ തെറ്റായ തീരുമാനമെടുക്കുന്നപക്ഷം ആ തെറ്റു ശരിയാക്കുവാൻ നിങ്ങൾക്കു വീണ്ടും സാധിച്ചെന്നു വരാം. അതുപോലെ ജീവിതത്തിലെ മറ്റു പല തീരുമാനങ്ങളും തിരുത്തുവാൻ നിങ്ങൾക്കു സാധിച്ചേക്കാം. എന്നാൽ ദൈവഹിതത്തിൽ നിന്നന്യമായ ഒരു വിവാഹം നിങ്ങൾ ചെയ്യുന്നപക്ഷം നിങ്ങൾക്ക് ആ തെറ്റ് ഒരിക്കലും തിരുത്തുവാൻ സാധ്യമല്ല. വിവാഹത്തിൽ ദൈവഹിതമനുസരിക്കാതെ പോകുക എന്നത് ഒരു ദുരന്താനുഭവം തന്നെ.

ദൈവത്തിന്റെ സമയത്തിനായോ ഹിതത്തിനായോ കാത്തിരിക്കാതെ തിടുക്കത്തിൽ വിവാഹം ചെയ്ത പലരും ഇപ്പോൾ അതിനെപ്പറ്റി പശ്ചാത്തപിക്കുന്നവരാണ്. തീർച്ചയായും അവരുടെ ദൃഷ്ടാന്തം ഈ രംഗത്തു കരുതലോടെ പ്രവർത്തിക്കുവാൻ യുവജനങ്ങൾക്ക് ഒരു മുന്നറിയിപ്പായിത്തീർന്നിരിക്കുന്നു.

ദൈവത്തിനു മഹത്വമുണ്ടാകത്തക്കവണ്ണം നമുക്കു പരമമായ നന്മ ലഭിക്കണമെങ്കിൽ നമുക്കായി ദൈവം തിരഞ്ഞെടുത്തിട്ടുള്ളയാളിനെ കണ്ടെത്തി അയാളെത്തന്നെ വിവാഹം ചെയ്യേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണ്. ദൈവം ആദാമിന് ഒരു ജീവിതപങ്കാളിയെ കൊടുക്കുവാനാഗ്രഹിച്ചപ്പോൾ അവിടുന്ന് പത്തു സ്ത്രീകളെ സൃഷ്ടിച്ച് അതിൽ ഏറ്റവും പറ്റിയ ആളെ തിരഞ്ഞെടുക്കുവാൻ ആദാമിനോട് കല്പിക്കുകയല്ല ചെയ്തത്. ദൈവം ഒരുവളെ മാത്രം സൃഷ്ടിക്കുകയും അവളെ അവനു നല്കുകയും ചെയ്തു. ആ കാര്യത്തിൽ ഒരു തിരഞ്ഞെടുപ്പു നടത്താനുള്ള അവസരം ആദാമിന് ഉണ്ടായിരുന്നില്ല. ദൈവം തന്നെ അനുസരിക്കുന്ന ഓരോ മക്കൾക്കുമായി ഒരൊറ്റയാളെ മാത്രമേ നിശ്ചയിച്ചിട്ടുള്ളു. ഈ ഉപദേശം അതിന്റെ എല്ലാ അർത്ഥവ്യാപ്തിയോടുംകൂടി മനസ്സിലാക്കുവാൻ പ്രയാസം ഉണ്ടായേക്കാം. ദൈവത്തിന്റെ പരമാധികാരം മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യത്തോടിണക്കിച്ചേർത്തു മനസ്സിലാക്കുക പ്രയാസമായിരിക്കുന്നതുപോലെയാണിതും. എങ്കിലും ദൈവവചനം നൽകുന്ന ഉപദേശം ഇതുതന്നെയാണ്. അവിടുത്തെ പ്ലാൻ നാം സ്വീകരിക്കുന്ന പക്ഷം, ദൈവം നമുക്കായി തിരഞ്ഞെടുത്ത വ്യക്തി – എല്ലാ തരത്തിലും നമ്മുടെ വ്യക്തിത്വത്തെ പൂരിപ്പിക്കുവാൻ ദൈവം ഒരുക്കിയ വ്യക്തി തന്നെയാണ് എന്ന് മനസ്സിലാക്കുവാൻ നമുക്കു കഴിയും.

യിസ്ഹാക്കിനു ഒരു ഭാര്യയെ അന്വേഷിക്കുന്ന സമയത്ത് അബ്രഹാമിന്റെ കാര്യവിചാരകനായ ഏല്യേസർ ഈ വസ്തുത മനസ്സിലാക്കിയിരുന്നു. അതിനാൽ "ദൈവമേ, ഈ സ്ഥലത്തുള്ള ചില നല്ല പെൺകുട്ടികളുടെ അടുക്കലേക്ക് എന്നെ നടത്തി അവരുടെ കൂട്ടത്തിൽനിന്ന് യിസ്ഹാക്കിന് ഒരു ഭാര്യയെ തിരഞ്ഞെടുക്കുവാൻ എന്നെ സഹായിക്കണമേ" എന്നല്ല അദ്ദേഹം പ്രാർത്ഥിച്ചത്. നേരെമറിച്ച് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചു: "ദൈവമേ, യിസ്ഹാക്കിന്റെ ഭാര്യയായിരിക്കുവാൻ അവിടുന്നു നേരത്തേതന്നെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്തിട്ടുള്ള പെൺകുട്ടിയുടെ അടുത്തേക്ക് എന്നെ നടത്തണമേ" (ഉല്പ. 24:14, 44). തന്റെ പ്രാർത്ഥനയ്ക്കു ദൈവം ഉത്തരം നൽകിയപ്പോൾ "യഹോവ എന്നെ വഴി നടത്തി" എന്നു യഥാർത്ഥമായിത്തന്നെ പറയുവാൻ എല്യേസറിനു സാധിക്കുകയും ചെയ്തു (ഉല്പ. 24:47). ഇക്കാലത്ത് ചിലർ ഒഴുക്കൻ മട്ടിൽ ☞ 8

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

*ക്രിസ്മസ്, ഈസ്റ്റർ മുതലായവ പ്രാകൃത മതത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്ന് ആരോപിക്കുന്നവർ പുതുവർഷപ്രവേശന ശുശ്രൂഷ പ്രാകൃതമായ ആണ്ടുപൂജയാണെന്ന് മനസിലാക്കി എന്തുകൊണ്ട് അന്യദൈവാരാധന ഉപേക്ഷിക്കുന്നില്ല. ആണ്ടറുതി ശുശ്രൂഷ അഥവാ പുതുവർഷ പ്രവേശന ശുശ്രൂഷ എന്നത് ജാനുസ് ദേവന്റെ പിറന്നാൾ ആഘോഷത്തിന്റെ ആധുനിക ആവിഷ്ക്കാരമാണെന്നും അത് ദൈവത്തിന് നിരക്കാത്തതാണെന്നുമുള്ള സത്യം സ്വസമൂഹത്തോട് വിളിച്ചുപറയാനുള്ള ധൈര്യം വേദാഭിമാനിക്കുണ്ടോ. വേദപുസ്തക സത്യങ്ങൾക്കുവേണ്ടിയാണോ അതോ പ്രസ്ഥാനങ്ങൾക്കു വേണ്ടിയാണോ വേദാഭിമാനി നിലകൊള്ളുന്നതെന്ന് മറുപടിയിലൂടെ വ്യക്തമാക്കുക.*

*-ഫാ. ജോൺ പുതിയിടം, പുത്തൻകാവ്, അങ്ങാടിക്കൽ, ചെങ്ങന്നൂർ*



ഇക്കാലത്ത് ലോകത്തിന്റെ നാനാഭാഗങ്ങളിലും ജനപ്രീതി നേടിയിരിക്കുന്ന മതപരവും മതേതരവുമായ വിശേഷ ദിവസങ്ങളുടെ, ആഘോഷങ്ങളുടെ ഉത്ഭവം എവിടെയാണ്? ചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചാൽ വിശേഷദിവസങ്ങൾ സംബന്ധിച്ച രസകരമായ ആശയങ്ങൾ നിങ്ങൾക്കു മനസ്സിലാക്കാം. ഏതാനും ഉദാഹരണങ്ങൾ നോക്കുക.

ഈസ്റ്റർ: 'ഈസ്റ്റർ ആഘോഷം സംബന്ധിച്ച യാതൊരു സൂചനയും പുതിയ നിയമത്തിലില്ല' എന്ന് ദി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു. പുറജാതി ആരാധനയിൽനിന്നാണ് അതിന്റെ ഉത്ഭവം. ഈ വിശേഷദിവസം യേശു ഉയിർപ്പിക്കപ്പെട്ടതിന്റെ അനുസ്മരണമെന്ന പേരിലാണ് ആഘോഷിക്കപ്പെടുന്നതെങ്കിലും, ഈസ്റ്ററുമായി ബന്ധപ്പെട്ട ആചാരങ്ങൾ ക്രിസ്തീയമല്ല.

പുതുവത്സരാഘോഷങ്ങൾ: പുതുവത്സരാഘോഷങ്ങളുടെ തീയതിയും ബന്ധപ്പെട്ട ആചാരങ്ങളും ഓരോ രാജ്യത്തും വ്യത്യസ്തമാണ്. ഈ ആഘോഷത്തിന്റെ ഉത്ഭവം സംബന്ധിച്ച് ദ വേൾഡ് ബുക്ക് എൽസൈക്ലോപീഡിയ പറയുന്നു: "ബി.സി. 46 ൽ റോമൻ ഭരണാധികാരിയായിരുന്ന ജൂലിയസ് സീസർ പുതുവത്സരദിനമായി ജനുവരി 1 തിരഞ്ഞെടുത്തു. റോമാക്കാർ ഈ ദിവസത്തെ, കവാടങ്ങളുടെയും വാതിലുകളുടെയും തുടക്കങ്ങളുടെയും ദേവനായ ജാനുസിനു സമർപ്പിച്ചു. മുന്നോട്ടും പിന്നോട്ടും തിരിഞ്ഞിരിക്കുന്ന ഇരട്ട മുഖമുള്ള ജാനുസിന്റെ പേരിൽനിന്നാണ് ജനുവരി ഉണ്ടായത്." അതുകൊണ്ട് പുതുവത്സരാഘോഷങ്ങൾക്ക് അടിസ്ഥാനം പുറജാതീയ ആചാരങ്ങളാണ്.

ഇപ്പോൾ വളരെ പ്രസിദ്ധിയാർജ്ജിച്ച ഒരു ആചാരമാണ് ആണ്ടു പ്രവേശന ശുശ്രൂഷ. പുതുവത്സരത്തോട് അനുബന്ധിച്ചാണ് ഈ 'ശുശ്രൂഷ' നടത്തപ്പെടുന്നത്. ഡിസംബർ 31 വൈകിട്ടോടെ എല്ലാവരും ആലയത്തിൽ സമ്മേളിക്കുന്നു. പ്രസംഗവും സാക്ഷ്യവും പാട്ടിനും ഒക്കെ ശേഷം കൃത്യം പന്ത്രണ്ടു മണിയോടടുക്കുമ്പോൾ തീവ്രമായി കയ്യടിച്ചുള്ള ആരാധന നടക്കുന്നു. സാധാരണ 11:55 മുതൽ 12:05 വരെയാണ് ഇത് സംഭവിക്കുക. ചില ഇടങ്ങളിൽ ഈ പത്ത് മിനിട്ട് അന്യഭാഷയ്ക്കായി മാറ്റിവച്ചിട്ടുണ്ട്. ചിലർ കൃത്യം പന്ത്രണ്ടു മണിക്ക് ആണ്ടു പ്രവേശന പ്രഖ്യാപനം നടത്തുന്നു. ചിലർ ആർപ്പുവിളികളോടെ പുതിയ വർഷത്തെ സ്വീകരിക്കുന്നു. ചിലയിടങ്ങളിൽ എല്ലാവരും എഴുന്നേറ്റു നിന്ന് പന്ത്രണ്ടുമണി അടിക്കുമ്പോൾ വലതുകാൽ ഒരുമിച്ചു മുന്നോട്ടു വയ്ക്കുന്ന രീതിയുമുണ്ട്. ചിലർ കാൽ കഴുകൽ ശുശ്രൂഷ ഇതോടൊപ്പം നടത്താറുണ്ട്. ചിലർ ബൈബിൾ വാചകങ്ങൾ 'കുലുക്കിക്കുത്തി' അടുത്ത വർഷത്തെക്കുള്ള തങ്ങളുടെ ഭാവി 'അറിയാൻ' ശ്രമിക്കുന്നു. ചില സ്ഥലങ്ങളിൽ രാവിലെ വരെ ശുശ്രൂഷ ഉണ്ടായിരിക്കും. ചിലർ ന്യൂ ഇയർ സമ്മാനങ്ങൾ കൈമാറുന്നു. നല്ല ശാപ്പാടോടുകൂടി ഈ മഹാമഹം സമംഗളം പര്യവസാനിക്കുന്നു.

**ജാനുസ് ദേവനും പുതുവത്സരവും**

പ്രാചീന റോമ മതത്തിലെ ഒരു ദേവനാണ് ജാനുസ് (Janus). ആരംഭം, വാതിൽ, ഗേറ്റ്, വഴി, സമയം മുതലായവയുടെ ദേവനാണ് ജാനുസ്. ഇന്ത്യയിൽ ഗണപതിയെ കാണുന്നതുപോലെ വിഘ്നങ്ങൾ മാറ്റുന്ന ദേവനായും ജാനുസ് സങ്കല്പ്പിക്കപ്പെട്ടിരുന്നു. ജാനുസിനു രണ്ടു തലയുണ്ട്. ഗ്രീക്കുകാർ ഈ ദേവനെ വിളിച്ചിരുന്നത് ഇയാനുസ് (Ianus) എന്നാണ്. ജാനുസ് ദേവന് ധാരാളം ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. പ്രത്യേകിച്ച് നഗര കവാടത്തിലും മറ്റും ജാനുസ് വിഗ്രഹങ്ങൾ വച്ച് പൂജിച്ചിരുന്നു.

റോമാക്കാരുടെ എല്ലാ മാസവും ഏതെങ്കിലും ദേവനുമായി ബന്ധപ്പെട്ടതായിരിക്കും. ബി. സി. ആറാം നൂറ്റാണ്ടിൽ നൂമാ പോമ്പിലിയസ് (Numa Pompilius) എന്ന രാജാവ് ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങൾ ആദ്യം വരുന്ന രീതിയിൽ കൂട്ടിച്ചേർത്തു. അതുവരെ മാർച്ച് ആയിരുന്നു റോമാക്കാരുടെ ആദ്യമാസം. ജാനുസ് ദേവഭക്തനായിരുന്ന നുമാ രാജാവ് ആദ്യ മാസത്തെ ജാനുസ് ദേവന് സമർപ്പിച്ചുകൊണ്ട് ജനുവരി (January) എന്നു പേരിട്ടു. ഇത് യൂറോപ്പിലേക്കും മറ്റും വ്യാപിക്കുകയും സർവവ്യാപകമായി ജാനുസ് ദേവന്റെ മാസം വർഷത്തിലെ ഒന്നാം മാസമായി പരിഗണിക്കപ്പെടുകയും ചെയ്തു. ബി.സി. 42 ൽ റോമൻ സെനറ്റ് ഈ കലണ്ടർ രാജ്യത്തിന്റെ ഔദ്യോഗിക കലണ്ടർ ആയി അംഗീകരിച്ചു. ജനുവരി മാസം ജാനുസ് ദേവന്റെ മാസം ആണെങ്കിൽ അതിന്റെ ഒന്നാം തീയതി ജാനുസ് ദേവന്റെ പിറന്നാളായി ആചരിക്കാൻ തുടങ്ങി. ബി.സി.153 ൽ ആണ് ആദ്യമായി ജാനുസ് ദേവന്റെ ഉത്സവം ആചരിക്കാൻ തുടങ്ങിയത്. ആഴ്ചകൾ നീണ്ടുനിൽക്കുന്നതായിരുന്നു ആഘോഷം. ജനുവരി ഒന്നാം തീയതി ആണ് ഉത്സവം ആരംഭിക്കുന്നത്. ജാനുസ് ദേവന് പാട്ടും ആർപ്പും നൃത്തവും ആയി പിറന്നാൾ ആഘോഷിക്കുന്നു. തീ കത്തിക്കുന്നത് എളുപ്പം അല്ലാതിരുന്ന അക്കാലത്ത് കെടാവിളക്ക് മിക്ക ഭവനത്തിലും ഉണ്ടായിരുന്നു. ജനുവരി ഒന്നാം തീയതി പഴയ തീ കെടുത്തി പുതിയത് കത്തിച്ചിരുന്നു. വിശുദ്ധ വൃക്ഷക്കൊമ്പുകൾ ആണ് മറ്റുള്ളവർക്ക് ന്യൂ ഇയർ സമ്മാനം (world book, 2001). ജാനുസ് ദേവന്റെ മുദ്രയുള്ള നാണയങ്ങളും സമ്മാനമായി നൽകിയിരുന്നു. വലിയ വിരുന്നും സദ്യയും നടത്തപ്പെട്ടിരുന്നു.

**ആണ്ടുപ്രവേശന ശുശ്രൂഷ ജാനുസ് ദേവന്റെ ആരാധന തന്നെ അല്ലെ?**

ആണ്ടുപ്രവേശന ആഘോഷം തന്നെ പ്രാകൃത മതത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്നു മനസ്സിലായല്ലോ. ലോകത്തെമ്പാടും പല രീതിയിൽ ഉള്ള കലണ്ടറുകൾ നിലവിൽ ഉണ്ട്. കേരളത്തിൽ തന്നെ കൊല്ലവർഷ കലണ്ടർ നിലവിൽ ഉണ്ട്. മറ്റു കലണ്ടറുകൾ നോക്കാതെ ഗ്രിഗോറിയൻ കലണ്ടർ (ജനുവരി, ഫെബ്രുവരി.... എന്നിങ്ങനെയുള്ള കലണ്ടറിനെ അങ്ങനെയാണ് വിളിക്കുന്നത്) നോക്കി ആദ്യ മാസത്തിൽ തന്നെ ആണ്ടുപ്രവേശന ശുശ്രൂഷ നടത്തുന്നത് എന്തിന്? എന്തുകൊണ്ട് ചിങ്ങം ഒന്നാംതീയതി ഈ ശുശ്രൂഷ നടത്തുന്നില്ല? എന്തുകൊണ്ട് ബൈബിളിൽ ദൈവം തരുന്ന വർഷ കണക്കുകൾ എടുക്കിന്നില്ല? "ഈ മാസം (നീസാൻ) നിങ്ങൾക്ക് മാസങ്ങളുടെ ആരംഭമായി ആണ്ടിൽ ഒന്നാം മാസം ആയിരിക്കണം" (പുറ. 12:1).

**ആണ്ടുപൂജ എന്ന ഹൈന്ദവ ആചാരം**

പ്രാചീന ഹൈന്ദവ മതത്തിലുള്ള ഒരു ആചാരമാണ് ആണ്ടുപൂജ എന്നുള്ളത്. മിക്കവാറും എല്ലാ ക്ഷേത്രങ്ങളിലും ഇത് നടത്തപ്പെടുന്നു. ആദിവാസി ഗോത്രങ്ങളിൽ വരെ ഇത്തരം ആണ്ടു പൂജകൾ നടത്തപ്പെടുന്നുണ്ട്.

**ബൈബിൾ എന്തുപറയുന്നു?**

"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ജാതികളുടെ വഴി പഠിക്കരുത്... ജാതികളുടെ ചട്ടങ്ങൾ മിത്ഥ്യാമൂർത്തിയെ സംബന്ധിക്കുന്നു" (യിരെ. 10:2,3).

"നിങ്ങൾ പാർത്തിരുന്ന മിസ്രയീംദേശത്തിലെ നടപ്പുപോലെ നിങ്ങൾ നടക്കരുത്; ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന കനാൻദേശത്തിലെ നടപ്പുപോലെയും അരുത്; അവരുടെ മര്യാദ ആചരിക്കരുത്" (ലേവ്യ. 18:3).

"ആകയാൽ നിങ്ങൾക്കു മുമ്പെ നടന്ന ഈ മ്ലേഛമര്യാദകളിൽ യാതൊന്നും ചെയ്യാതെയും അവയാൽ അശുദ്ധരാകാതെയും ഇരിപ്പാൻ നിങ്ങൾ എന്റെ പ്രമാണങ്ങളെ പ്രമാണിക്കേണം; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു" (ലേവ്യ.18:30).

പല സ്ഥലങ്ങളിലും പല കലണ്ടറുകൾ ഉണ്ട്. കേരളത്തിൽ ശകവർഷ കലണ്ടർ ഉണ്ട്. മുസ്ലീം സഹോദരങ്ങൾ ഉപയോഗിക്കുന്ന ഹിജ്ര കലണ്ടർ ഉണ്ട്. ചൈനക്കാർക്ക് മറ്റൊരു കലണ്ടറാണ് ഉള്ളത്. ഇവയിൽ എല്ലാം ഓരോ പുതുവത്സരങ്ങൾ ഉണ്ട്. അവയൊന്നും ജനുവരി ഒന്നാം തീയതി അല്ല. അതുകൊണ്ടുതന്നെ ന്യൂ ഇയർ എന്ന ദിവസം അപ്രസക്തവും അവ്യക്തവുമാണ്. ഒരു പ്രത്യേക ദിവസത്തെ അങ്ങനെ കണക്കാക്കാൻ കഴിയില്ല. സർവ്വശക്തനായ ദൈവം അവ്യക്തതയുടെ ദൈവം അല്ല. അവനെന്തിന് ആണ്ടു പ്രവേശനം? "നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു" (ഗലാ. 4:10,11). എന്തൊക്കെ പറഞ്ഞാലും ക്രിസ്മസ്സിനെ തമ്മൂസ്, സൂര്യൻ ഇത്യാദി ദേവന്മാരുടെ പിറന്നാൾ ആയി വ്യാഖ്യാനിക്കുന്നവർ അന്യദേവനെ മഹത്വപ്പെടുത്തുന്ന വിശേഷദിവസങ്ങൾ ഏതു നിലയിൽ ആചരിച്ചാലും അത് ദൈവത്തിനു സ്വീകാര്യമല്ല എന്നറിഞ്ഞിരിക്കണം. മതപരമായ ആഘോഷങ്ങൾ ദൈവത്തിന് പ്രസാദകരമാണോ അല്ലയോ എന്നു നിർണയിക്കുന്നതിൽ അവയുടെ ഉത്ഭവത്തിനും പങ്കുണ്ടെന്ന് ഓർത്തിരിക്കുക (യെശ. 52:11; വെളി.18:4).

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com


# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2015-2017
Post without prepayment
License No : KL/CR/MVK/WPP-04/2015-2017
Posted on 15, 16 April 2017
at RMS Kayamkulam
Published on Ist April 2017
RNI Registered No. KERMAL/2002/7361



## ഉദരപൂജ അതാത്മവഞ്ചന

ദാനിയേൽ എന്ന ബൈബിൾ പുരുഷനെക്കുറിച്ച് ഇങ്ങനെയൊരു കഥയുണ്ട്. അദ്ദേഹം രാജാവിനു പ്രിയനായി. പക്ഷേ, രാജാവ് ആരാധിക്കുന്ന ബാലിന്റെ വിഗ്രഹത്തെ പൂജിക്കാൻ അയാൾ തയ്യാറായില്ല. രാജാവ് വിശദീകരണം ആവശ്യപ്പെട്ടു. വിഗ്രഹത്തിന്റെ അകം വെറും പൊള്ളയാണെന്നും അതിന്റെ പുറം ഓടാണെങ്കിലും അകത്തു മണ്ണാണെന്നും ദാനിയേൽ പറഞ്ഞു. വിഗ്രഹത്തിനു ജീവനില്ല എന്നുകൂടി പറഞ്ഞപ്പോൾ രാജാവ് കോപിച്ചു. എന്നും സന്ധ്യാബലിക്കു അർപ്പിക്കുന്ന 12 പറ ധാന്യാഹാരവും 40 ആടുകളുടെ മാംസവും 6 ഭരണി വീഞ്ഞും പിന്നെ ആരാണ് കഴിക്കുന്നത്? ബാൽ ദേവൻ ഭക്ഷിക്കുന്നില്ലെങ്കിൽ പിന്നെ ആര്? ബാൽദേവന്റെ പൂജാരികളെ വരുത്തി ചോദ്യം ചെയ്തു. വിഗ്രഹം അതു കഴിക്കുന്നില്ലെന്നു തെളിയിച്ചാൽ ഞങ്ങളെ കൊന്നുകൊള്ളട്ടെ. അല്ല ദേവനാണ് ഭുജിക്കുന്നത് എന്നു തെളിഞ്ഞാൽ ദൈവദോഷിയായ ദാനിയേൽ മരിക്കണം. ദാനിയേലിനും അതു സമ്മതമായിരുന്നു.



നിശ്ചിതദിവസം സന്ധ്യാപൂജയ്ക്ക് ആഹാരപദാർത്ഥങ്ങൾ വിഗ്രഹത്തിനു സമർപ്പിച്ചു. പൂജാരികൾ അമ്പലം പൂട്ടി താക്കോലുകൾ രാജാവിനെ ഏല്പിച്ചു. അതിനിടയിൽ ദാനിയേൽ രാജാവിന്റെ അറിവോടും സമ്മതത്തോടും കൂടി ആളൊഴിഞ്ഞ അമ്പലത്തിൽ ചാരം വിതറി. പിറ്റേന്നു രാവിലെ രാജാവ് താക്കോലുമായി ദാനിയേലിനെ വിളിച്ചു. പൂട്ടുകളൊക്കെ ഭദ്രം. തുറന്നു നോക്കിയപ്പോൾ ഭക്ഷണം മുഴുവൻ അപ്രത്യക്ഷമായിരിക്കുന്നു. രാജാവ് ദാനിയേലിനെ നോക്കി ചോദിച്ചു: "ഇപ്പോൾ എന്തായി?" ദാനിയേൽ ശാന്തനായി രാജാവിനോട് തറയിൽ നോക്കാൻ പറഞ്ഞു. തറയിലെ ചാരത്തിൽ മനുഷ്യർ-പുരുഷന്മാരും സ്ത്രീകളും കുട്ടികളും വന്നതിന്റെയും പോയതിന്റെയും കാൽപ്പാടുകൾ. വിഗ്രഹത്തിനടുത്തുള്ള രഹസ്യവാതിലിലൂടെ പൂജാരിമാരും അവരുടെ കുടുംബാംഗങ്ങളും വന്നതും ആഹാരം കഴിച്ചുപോയതുമായ കാര്യം ദാനിയേൽ വിവരിച്ചു.

അവരുടെ ഉദരപൂജക്കായിരുന്നു വിഗ്രഹത്തിന്റെ പൂജയും നേർച്ചകളും. ഈശ്വരപൂജയെ ഉദരപൂജയുടെ ഉപാധിയാക്കുന്നവർ എന്നുമുണ്ട്. അതു തുറന്നു കാണിച്ച ദാനിയേൽ പക്ഷേ, ഈശ്വരനിഷേധിയായിരുന്നില്ല. മനുഷ്യർക്ക് ബുദ്ധിയുണ്ട്; പൂജാരിമാർക്കും ദാനിയേലിനും ബുദ്ധിയുണ്ടായിരുന്നു. പൂജാരിമാരുടെ ബുദ്ധി കാപട്യമായി, വക്രതയായി; ദാനിയേലിന്റെ ബുദ്ധി സത്യാന്വേഷണമായി. ബുദ്ധി അസുരമാകുമ്പോൾ അത് തന്ത്രവും തട്ടിപ്പുമാകും. അതു ആത്മവഞ്ചനയാണ്. ദൈവപുരുഷന്റെ വിശപ്പ് ഉദരപൂർത്തിക്കല്ല സത്യാശ്ലേഷത്തിനാണ്. നുണയെ സുന്ദരമായ പൊതിച്ചിലിൽ സത്യമാക്കുമ്പോൾ നുണയുടെ വേഷമഴിച്ചു ഇവർ സത്യം പുറത്തുകൊണ്ടുവരുന്നു. ഇവർ സ്വന്തം ജീവിതംതന്നെ പരീക്ഷണമാക്കുകയും സ്വയം സത്യത്തിന്റെ പരീക്ഷണത്തിനു വിധേയരാകുകയും ചെയ്യും.



## വിവാഹം
### ഒരു മുന്നറിയിപ്പ്

പേജ് 6 തുടർച്ച

പറയുന്നതുപോലെ വെറും ഭക്തിമയമായ ഒരു പദപ്രയോഗമല്ല ഇത്. നേരെമറിച്ച് ഏല്യേസർ പറഞ്ഞത് നൂറുശതമാനവും സത്യമായിരുന്നു.

ബൈബിൾ നമ്മോട് ഇപ്രകാരം കല്പിക്കുന്നു: "നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്." (ഇംഗ്ലീഷ് തർജ്ജമയനുസരിച്ച് - "നിങ്ങൾ അവിശ്വാസികളുമായി ചേർച്ചയില്ലാത്തവിധം ഒരേനുകത്തിൻ കീഴേ ബന്ധിക്കപ്പെടരുത്.") നുകം വിവാഹത്തിന്റെ വ്യക്തമായ ഒരു പ്രതീകമാണ്. ഇവിടുത്തെ ചിത്രം ഒരേ നുകത്തിൻ കീഴെ അമയ്ക്കപ്പെട്ട് ഒരുമിച്ചു നുകം വലിച്ചുകൊണ്ടു നീങ്ങുന്ന രണ്ടു കാളകളുടേതാണ്. അതുപോലെ ഭർത്താവും ഭാര്യയും വിവാഹത്താൽ പരസ്പരം ബന്ധിപ്പിക്കപ്പെട്ട് കർത്താവിനുവേണ്ടി പ്രവർത്തിച്ചു മുന്നേറുകയാണ് വേണ്ടത്. പഴയനിയമത്തിൽ കാളയെയും കഴുതയെയും ഒരുമിച്ചു ചേർത്ത് ഉഴുന്നതിനെ നിരോധിച്ചിട്ടുണ്ട് (ആവ. 22:10). കാരണം, ഈ രണ്ടു മൃഗങ്ങൾക്ക് ഭിന്ന സ്വഭാവങ്ങളാണുള്ളത്. അതുപോലെ വിശ്വാസിക്കു അവിശ്വാസിയിൽനിന്നു ഭിന്നമായ ഒരു സ്വഭാവമാണുള്ളത്. അതുകൊണ്ട് ബൈബിൾ തുടർന്ന് ഇപ്രകാരം ചോദിക്കുന്നു: "വെളിച്ചത്തിനും ഇരുളിനും എങ്ങനെ സഹവർത്തിക്കുവാൻ (ഒരുമിച്ചു നിൽക്കുവാൻ) കഴിയും? ഒരു വിശ്വാസിക്ക് അവിശ്വാസിയുമായി എന്തു പൊരുത്തമാണുള്ളത്?" (2 കൊരി. 6:14,15 JBP).


ദൈവപൈതലായ നിങ്ങൾ പിശാചിന്റെ സന്തതിയായ ഒരവിശ്വാസിയെ (യോഹ.8:44; 1 യോഹ. 3:10) വിവാഹം ചെയ്യുന്നപക്ഷം പിശാച് നിങ്ങളുടെ അമ്മാവിയപ്പനായിത്തീരും എന്ന വസ്തുത സുവ്യക്തമാണ്. അത്തരമൊരു അമ്മാവിയപ്പനുമൊത്തു ജീവിക്കുമ്പോൾ ശിഷ്ടായുഷ്കാലം മുഴുവൻ അന്തമറ്റ ദുരിതങ്ങൾ നിങ്ങൾ സഹിക്കേണ്ടിവരുമെന്നതും തീർച്ചയാണ്.

വിവാഹത്തിൽ ദൈവത്തിന്റെ വ്യക്തമായ നടത്തിപ്പിനെപ്പറ്റി ബൈബിളിൽ ഒരൊറ്റ ദൃഷ്ടാന്തമേ നാം കാണുന്നുള്ളു. അതു നാം ഇപ്പോൾതന്നെ പറഞ്ഞ യിസ്ഹാക്കിന്റെയും റിബേക്കയുടെയും വിവാഹമാണ്. ആ വിവാഹം മാതാപിതാക്കന്മാരാൽ മാത്രം ക്രമീകരിക്കപ്പെട്ട ഒന്നായിരുന്നില്ല. എന്തെന്നാൽ അബ്രഹാം റിബേക്കയെ ഒരിക്കലെങ്കിലും കാണുകപോലും ചെയ്തിരുന്നില്ല. അബ്രഹാമിന്റെ ദാസനും അവളെപ്പറ്റി ഒന്നും അറിഞ്ഞിരുന്നില്ല. ആ വിവാഹം യുവതീയുവാക്കന്മാർ തമ്മിൽ ക്രമീകരിച്ചതുമല്ല. യിസ്ഹാക്കും റിബേക്കയും നേരത്തെ ഒരിക്കലും തമ്മിൽ കണ്ടിട്ടില്ല. നേരെമറിച്ച് ദൈവംതന്നെ ക്രമീകരിച്ച ഒരു വിവാഹമായിരുന്നു അത്.

ഇതിൽനിന്നും ഒരു സത്യം നമുക്കു മനസ്സിലാക്കുവാൻ കഴിയും. തന്റെ മക്കളിൽ രണ്ടുപേരെ ഒരുമിച്ചു കൊണ്ടുവരുവാൻ ദൈവം ഏതു മാർഗ്ഗം ഉപയോഗിച്ചു എന്നതല്ല, പിന്നെയോ അവരെ അന്യോന്യം അടുപ്പിച്ചത് ദൈവമാണ് എന്നതാണ് പ്രധാനം.

അതിനാൽ ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അവിടുന്നു നിങ്ങളെ നടത്തുവാൻ അവിടുത്തേക്കായി കാത്തിരിക്കുക. അസ്വസ്ഥമായ മനോവിഭ്രമം കൊണ്ട് ഒരു പ്രയോജനവും ലഭിക്കുകയില്ല. ദൈവം ആദാമിന് ഗാഢനിദ്ര വരുത്തിയതായും അതിനുശേഷം അവനെ ഉണർത്തിയിട്ട് ഹവ്വയെ അവന്റെ മുമ്പിൽ എത്തിച്ചതായുമുള്ള വസ്തുതയിൽ മനോഹരമായ ഒരു സാദൃശ്യാർത്ഥം അടങ്ങിയിരിക്കുന്നു (ഉല്പ. 2:21,22).

"ദൈവം നിങ്ങൾക്കായി കരുതുന്നു; നിങ്ങളെക്കുറിച്ചു കരുതലുള്ളവനാണ് ദൈവം" (1 പത്രോ. 5:7). ആദാമിനു തുണയായി ഒരു ഭാര്യ ആവശ്യമാണെന്നു മനസ്സിലാക്കുകയും അവനായി ഹവ്വയെ നൽകുകയും ചെയ്തത് ദൈവമാണെന്ന് ഓർത്തുകൊള്ളുക (ഉല്പ. 2:18). ആദാം ദൈവത്തിന്റെ അടുക്കൽചെന്ന് ഒരു ഭാര്യയ്ക്കുവേണ്ടി യാചിക്കേണ്ടിവന്നില്ല. ദൈവം ആദാമിനുവേണ്ടി കരുതി. അവിടുന്ന് നിങ്ങൾക്കുവേണ്ടിയും കരുതുന്നു.



## ഡയ്ലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ അനുഗ്രഹ-അത്ഭുതദാസന്മാരുടെ വിജയരഹസ്യം.

ഫിലിപ്പോസ് കാവുങ്കൽ, സീതത്തോട്, മൂന്നുകൽ, പത്തനംതിട്ട

☹ **കപടലോകത്തിൽ കാപട്യമുള്ള ഹൃദയം അതാണവരുടെ വിജയരഹസ്യം.**

☺ ഇന്ത്യയിൽ ജനിച്ചവരെല്ലാം ഹിന്ദുവാകുമോ.

എമിലി ഫിലിപ്പ്, കിഴക്കൻ മുത്തൂർ, കുറ്റപ്പുഴ, തിരുവല്ല

☹ **അമേരിക്കയിൽ ജനിച്ചവരെല്ലാം സായിപ്പാകുമോ.**

☺ സുവിശേഷം ആദായമുള്ള ബിസിനസാക്കി മാറ്റിയവർക്ക് ദൈവത്തെ ഭയമില്ലേ.

ഫേബ ജെസ്റ്റിൻ, കുവക്കണ്ടം, പൂമല, ഇടുക്കി.

☹ **ദൈവം അവർക്ക് ഒരു ബിസിനസ് സ്ഥാപനമാണല്ലോ. പിന്നെ എന്തിന് ഭയപ്പെടണം.**

☺ നിലവിലുള്ള നേതാക്കൾ പോയി പുതിയ ആളുകൾ വന്നാൽ സഭാ പ്രസ്ഥാനങ്ങളുടെ നിലവാരം ഉയരില്ലേ.

ബീനാ ചെറിയാൻ, കടമ്പനാട് നോർത്ത്, അടൂർ, പത്തനംതിട്ട.

☹ **കാതുകുത്തിയവൻ പോയാൽ, കടുക്കൻ ഇട്ടവൻ വരും.**

☺ ഒരു കടിയൻ പട്ടി മുമ്പിൽ വന്നു പെട്ടാൽ മനസിൽ ഉയരുന്ന ചോദ്യം എന്തായിരിക്കും.

ജെമി ഉമ്മൻ, കൂവപ്പള്ളി, അറക്കുളം, മൂലമറ്റം

☹ **ആരാകണം. മേനകാഗാന്ധിയോ? ജോസ് മാവേലിയോ?**

☺ സഭാപ്രസ്ഥാനങ്ങളുടെ തലപ്പത്തിരിക്കുന്നവർ ഒരു മഹാപ്രസ്ഥാനമാണെന്നു പറഞ്ഞാൽ.

ജോളി നെൽസൻ, മാലം, മണർകാട്, കോട്ടയം

☹ **ഓന്തിനെ ഒരു തുള്ളി മുതല എന്നു വിശേഷിപ്പിക്കാറുണ്ടല്ലോ.**

☺ നോട്ടുനിരോധനത്തിലൂടെ വേദാഭിമാനി എന്തു പഠിച്ചു.

റോസ് ജെയിസൺ, കുന്നിവിള, നേമം, തിരുവനന്തപുരം

☹ **മാമോൻ ചതിക്കും. ദൈവം രക്ഷിക്കും.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew